# സമകാലിക ജനപഥം

2026 ജൂൺ 1

പുസ്തകം 12 ലക്കം 11




# പുതുയുഗ കേരളം

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
**ജനപഥം**

വാർഷിക
വരിസംഖ്യ
**120 രൂപ**
ഒറ്റപ്രതി
**12 രൂപ**

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
സമകാലിക
ജനപഥം
2026 ജൂൺ 1 • പുസ്തകം 12 • ലക്കം 11

**എഡിറ്റർ** സബിൻ സമീദ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ പി സരിത **ഡെപ്യൂട്ടി എഡിറ്റർ** നാഫിഹ് എം
**എഡിറ്റർ-ഇൻ-ചാർജ്** എസ് ബീനാമോൾ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഹ് **ട്രാൻസ്ലേറ്റർ** ടി കെ ഹരീഷ്
**കവർ & ലേ ഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ് **കവർ ഫോട്ടോ** കെ ബി ജയചന്ദ്രൻ

എഡിറ്റോറിയൽ >>



# പുതുയുഗം പുതുചരിത്രം

കേരളത്തിന്റെ ജനാധിപത്യ ചരിത്രത്തിൽ പുതിയ പ്രതീക്ഷകൾക്ക് തുടക്കമിട്ട് മുഖ്യമന്ത്രി വി ഡി സതീശന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 2026 മെയ് 18 ന് അധികാരമേറ്റിരിക്കുകയാണ്. ജനവിശ്വാസത്തിന്റെ കരുത്തുറ്റ പിന്തുണയിൽ രൂപംകൊണ്ട ഈ സർക്കാർ വിഭാവനം ചെയ്യുന്നത് വികസനവും ക്ഷേമവും സാമൂഹിക നീതിയും സമന്വയിക്കുന്ന പുതുയുഗ കേരള സൃഷ്ടിയാണ്.

കാലത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞും ഭാവിയുടെ സാധ്യതകളെ മുന്നിൽ കണ്ടുമാണ് സർക്കാർ പുതിയ വികസന ദർശനം അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക വളർച്ചയ്ക്ക് സാമൂഹിക ഉത്തരവാദിത്വവും, അടിസ്ഥാന സൗകര്യ വികസനത്തിന് പരിസ്ഥിതി സംരക്ഷണവും, സാങ്കേതിക മുന്നേറ്റങ്ങൾക്ക് മാനുഷിക മൂല്യങ്ങളും കൂട്ടിച്ചേർക്കുന്ന സമീപനമാണ് നയപ്രഖ്യാപനത്തിലൂടെ വ്യക്തമാകുന്നത്. എല്ലാവർക്കും തുല്യ അവസരവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുന്ന കേരളമാണ് ഈ ദർശനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യങ്ങളിലേക്ക് കൃത്യമായ ആസൂത്രണത്തോടെയും സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെയും മുന്നേറുന്നതിനായി വിഷൻ 2031 ന്റെ ഭാഗമായി നിരവധി പദ്ധതികൾക്കാണ് സർക്കാർ  തുടക്കമിട്ടിരിക്കുന്നത്.

ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ ജനജീവിതത്തെ നേരിട്ട് സ്പർശിക്കുന്ന തീരുമാനങ്ങളിലൂടെ സർക്കാർ അതിന്റെ മുൻഗണനകളും സമീപനവും വ്യക്തമാക്കിയിട്ടുണ്ട്. ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, പാചകത്തൊഴിലാളികൾ, പ്രീ പ്രൈമറി അധ്യാപകർ എന്നിവരുടെ വേതന വർധന, കെ എസ് ആർ ടി സി ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്ര, വയോജന വകുപ്പ് രൂപീകരണം തുടങ്ങിയ തീരുമാനങ്ങൾ ജനക്ഷേമത്തിന് നൽകുന്ന പ്രാധാന്യത്തിന്റെ ഉദാഹരണങ്ങളാണ്. രാജ്യത്ത് ആദ്യമായാണ് ഒരു സർക്കാർ വയോജനങ്ങൾക്കായി വകുപ്പ് തുടങ്ങുന്നത്. പരിഷ്കൃത സമൂഹത്തിന്റെ അളവുകോൽ  മുതിർന്ന പൗരന്മാരോടുള്ള ആ സമൂഹത്തിന്റെ സമീപനമാണ്. അതുകൊണ്ട് തന്നെ  ശ്രദ്ധേയവും മാതൃകാപരവുമായ തീരുമാനമാണ് വയോജന വകുപ്പ് രൂപീകരണത്തിലൂടെ സർക്കാർ ആദ്യ ഘട്ടത്തിൽ തന്നെ സ്വീകരിച്ചിട്ടുള്ളത്.

വികസനത്തിന്റെയും  കരുതലിന്റെയും പുതിയ കാലത്തിലേക്ക് കേരളത്തിനെ നയിക്കാൻ ജനവിധി നേടിയ പുതിയ സർക്കാരിന് എല്ലാ ആശംസകളും നേരുന്നു.

പുതിയ മന്ത്രിസഭാംഗങ്ങളുടെ വകുപ്പും ഔദ്യോഗിക വിവരങ്ങളും വായനക്കാർക്ക് സൂക്ഷിക്കാനുതകും വിധം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ നയദിശ വ്യക്തമാക്കുന്ന നയപ്രഖ്യാപനത്തിലെ പ്രസക്ത ഭാഗങ്ങളും സംസ്ഥാനത്തിന്റെ വരുമാനം, കടബാധ്യത, ചെലവുകൾ, വികസന സാധ്യതകൾ എന്നിവ സംബന്ധിച്ചുള്ള ധവളപത്രത്തിലെ കണ്ടെത്തലുകളും ഈ ലക്കത്തിന്റെ മറ്റ് പ്രധാന ഉള്ളടക്കങ്ങളാണ്.

**സബിൻ സമീദ് ഐ എ എസ്**
എഡിറ്റർ

2026 JUNE 1   VOLUME 12   ISSUE 11  E-MAIL : prdmalayalam@gmail.com  WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/

# ഇരുപത്തിനാലാമത്



ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ,
മുഖ്യമന്ത്രി വി ഡി സതീശൻ എന്നിവർക്കൊപ്പം
(ഇരിക്കുന്നവർ - ഇടത്തുനിന്ന്) മന്ത്രിമാരായ
സണ്ണി ജോസഫ്, പി കെ കുഞ്ഞാലിക്കുട്ടി,
രമേശ് ചെന്നിത്തല,
(നിൽക്കുന്നവർ - ഇടത്തുനിന്ന്) കെ.എ.തുളസി,
ബിന്ദു കൃഷ്ണ, ഒ.ജെ.ജനീഷ്, കെ മുരളീധരൻ,
എം.ലിജു, ഷിബു ബേബി ജോൺ, മോൻസ് ജോസഫ്,
അനൂപ് ജേക്കബ്, പി.സി.വിഷ്ണുനാഥ്, പി കെ ബഷീർ,
എ പി അനിൽകുമാർ, വി.ഇ.അബ്ദുൾ ഗഫൂർ, ടി സിദ്ദിഖ്,
കെ.എം.ഷാജി, റോജി എം ജോൺ, എൻ ഷംസുദ്ദീൻ,
സി.പി.ജോൺ എന്നിവർ


6 കെട്ടിപ്പടുക്കാം, പുതുയുഗ കേരളം
വി ഡി സതീശൻ

32 പുത്തൻ പ്രതീക്ഷയുടെ നയപ്രഖ്യാപനം

42 ധവളപത്രം: സാമ്പത്തിക പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖ

# കേരളമന്ത്രിസഭ



8-31 മന്ത്രിമാർ, വകുപ്പുകൾ
സ്പീക്കർ
ഡെപ്യൂട്ടി സ്പീക്കർ
ചീഫ് വിപ്പ്

45 വാർധക്യത്തിന്
പുതിയ വിലാസം
എസ്. നന്ദന

49 കേറി വാ മക്കളേ,
അക്ഷരമുറ്റത്തേക്ക്
സി കെ അനൂപ്

വി ഡി സതീശൻ
മുഖ്യമന്ത്രി

# കെട്ടിപ്പടുക്കാം,



മതേതര കേരളം വലിയൊരു ഉത്തരവാദിത്വമാണ് ഈ സർക്കാരിനെ ഏൽപ്പിച്ചിരിക്കുന്നത്. പത്ത് വർഷം നീണ്ടു നിന്ന ഭരണം അവസാനിപ്പിച്ച് 102 സീറ്റോടെയാണ് ഐക്യജനാധിപത്യ മുന്നണിയെ കേരളം അധികാരത്തിൽ എത്തിച്ചത്. വാഗ്ദാനങ്ങൾ പാലിക്കാനുള്ളതാണ്. തിരഞ്ഞെടുപ്പ് പ്രചരണ കാലത്ത് ജനങ്ങളോട് പറഞ്ഞതെല്ലാം ഒന്നൊന്നായി ചെയ്തു തീർക്കും. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും നാടിനെ മാറ്റിയെടുക്കാനും പുതിയ കേരളത്തെ സൃഷ്ടിക്കാനും പുതുയുഗത്തിന് തുടക്കമിടാനുമുള്ള കഠിനാധ്വാനത്തിലാണ് ഈ സർക്കാർ. ജനങ്ങൾക്കു വേണ്ടി അർപ്പണബോധത്തോടെ ചെയ്യുന്ന പ്രവർത്തിയാണ് രാഷ്ട്രീയ പ്രവർത്തനവും പൊതുപ്രവർത്തനവുമെന്ന് ഞങ്ങൾ തെളിയിക്കും.

തിരഞ്ഞെടുപ്പ് പ്രചരണകാലത്ത് നൽകിയ വാഗ്ദാനങ്ങളിൽ ചിലതാണ് ആദ്യ മന്ത്രിസഭായോഗത്തിൽ ചർച്ച ചെയ്തതും നടപ്പാക്കാൻ തീരുമാനിച്ചതും. സെക്രട്ടേറിയറ്റിന് മുന്നിൽ വേതന വർധനവിന് വേണ്ടി സമരം ചെയ്ത ആശ പ്രവർത്തകർക്കും അങ്കണവാടി ജീവനക്കാർക്കും പാചകത്തൊഴിലാളികൾക്കും പ്രീ പ്രൈമറി അധ്യാപകർക്കും ആദ്യഘട്ടമെന്ന നിലയിൽ വേതനം വർധിപ്പിച്ചു. ഇന്ദിരാ ഗ്യാരന്റികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ബസുകളിലെ സ്ത്രീകളുടെ സൗജന്യയാത്ര സംബന്ധിച്ചും ആദ്യ മന്ത്രിസഭായോഗം തീരുമാനം എടുത്തു. ജൂൺ 15 മുതൽ പദ്ധതി നടപ്പാക്കും. വയോജനങ്ങളുടെ ആരോഗ്യവും പരിപാലനവും ലക്ഷ്യമിട്ട് വയോജന വകുപ്പ് പ്രഖ്യാപിക്കുമെന്ന തീരുമാനവും ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ സ്വീകരിക്കാൻ സാധിച്ചു. പി.എസ്.സി ഉദ്യോഗാർഥികളുടെ വേദന

# പുതുയുഗ കേരളം



മനസിലാക്കിക്കൊണ്ടാണ് വിവിധ കാരണങ്ങളാൽ നിയമനം നടക്കാതിരുന്ന പി.എസ്.സി റാങ്ക് പട്ടികകളുടെ കാലാവധി നീട്ടാൻ തീരുമാനിച്ചത്. ജനപക്ഷത്ത് നിന്നു കൊണ്ട് അവരുടെ വേദനയിലും സങ്കടത്തിലും സർക്കാർ ഒപ്പമുണ്ടെന്ന സന്ദേശം നൽകാനാണ് ഞങ്ങൾ ശ്രമിച്ചത്.

ധനപ്രതിസന്ധി വികസന- ക്ഷേമ പ്രവർത്തനങ്ങളെ ബാധിച്ചിട്ട് കാലങ്ങൾ ഏറെയായി. നികുതി ചോർച്ച തടഞ്ഞും കൃത്യമായി നികുതി പിരിച്ചും നികുതി ഭരണസംവിധാനം കാര്യക്ഷമമാക്കിയും ഖജനാവ് നിറയ്ക്കേണ്ടതുണ്ട്. അതിന് വേണ്ടിയുള്ള നടപടികൾക്ക് സർക്കാർ തുടക്കം കുറിച്ചു.  തകർന്ന്  തരിപ്പണമായി കിടക്കുന്ന ആരോഗ്യ, വിദ്യാഭ്യാസ മേഖലകളെയും നമുക്ക് തിരിച്ചു പിടിക്കേണ്ടതുണ്ട്. വരും തലമുറകളെ പോലും ഇല്ലാതാക്കുന്ന ലഹരി മാഫിയയുടെ അടിവേരറുക്കണം. അതിനു വേണ്ടിയുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലുമുള്ള ജനങ്ങളെയും ചേർത്ത് പിടിച്ച് മുന്നോട്ട് പോകുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

ഞങ്ങളുടേത് മതേതര കേരളമാണെന്ന പ്രഖ്യാപനമാണ് ഈ തിരഞ്ഞെടുപ്പിൽ കേരളം രാജ്യത്തോട് നടത്തിയിരിക്കുന്നത്. വർഗീയതയുമായി സന്ധി ചെയ്യില്ലെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. വിദ്വേഷ പ്രചരണത്തിനെതിരെ ഒരു ഒത്തുതീർപ്പിനുമില്ല. മതേതര നിലപാടിൽ ഉറച്ചു നിൽക്കും. കേരളത്തെ ഭിന്നിപ്പിക്കാൻ ആരെയും അനുവദിക്കില്ല. എന്ത് വില കൊടുത്തും അത്തരം നീക്കങ്ങളെ എതിർക്കും. വെല്ലുവിളികളെ നേരിടാൻ കേരളം ഒന്നിച്ചു നിൽക്കേണ്ടതുണ്ട്. നമുക്ക് ഒറ്റക്കെട്ടായി പുതുയുഗ കേരളം കെട്ടിപ്പടുക്കാം. ■

# വി ഡി സതീശൻ

## മുഖ്യമന്ത്രി

V D SATHEESAN



## വകുപ്പുകൾ, ചുമതലകൾ

ധനകാര്യം, ദേശീയ സമ്പാദ്യം, സ്റ്റോർ പർച്ചേസ്, വാണിജ്യ നികുതി, കാർഷിക ആദായനികുതി, ട്രഷറികൾ, ലോട്ടറികൾ, സ്റ്റേറ്റ് ഓഡിറ്റ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, സ്റ്റേറ്റ് ഇൻഷുറൻസ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, മുദ്രപ്പത്രങ്ങളും മുദ്രവിലയും, തുറമുഖങ്ങൾ, നിയമം, ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും, പൊതുഭരണം, ഓൾ ഇന്ത്യ സർവീസസ്, ശാസ്ത്രം, സാങ്കേതികവിദ്യ, ദുരന്ത നിവാരണം, പ്രവാസി കേരളീയ കാര്യങ്ങൾ, മലിനീകരണ നിയന്ത്രണം, ശാസ്ത്ര സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്, തിരഞ്ഞെടുപ്പ്, സമന്വയം, സൈനിക ക്ഷേമം, ദുരിതാശ്വാസം, സംസ്ഥാന അതിഥി സൽക്കാരം, സിവിൽ-ക്രിമിനൽ നീതിന്യായ ഭരണം, വിമാനത്താവളങ്ങൾ, മെട്രോ റെയിൽ, അന്തർസംസ്ഥാന നദീജലം, തീരദേശ കപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും, കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ, വിവര പൊതുജനസമ്പർക്കം, അച്ചടിയും സ്റ്റേഷനറിയും, റെയിൽവേ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, തപാലും ടെലിഗ്രാഫും, മറ്റ് മന്ത്രിമാർക്ക് പ്രത്യേകം നൽകാത്ത മറ്റെല്ലാ പ്രധാന നയപരമായ കാര്യങ്ങളും വിഷയങ്ങളും

കേരളത്തിന്റെ പതിമൂന്നാമത് മുഖ്യമന്ത്രി. എറണാകുളം ജില്ലയിലെ പറവൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയിലെത്തുന്നത് തുടർച്ചയായ ആറാം തവണ. പതിനഞ്ചാം നിയമസഭയിൽ പ്രതിപക്ഷ നേതാവായിരുന്നു. എറണാകുളം നെട്ടൂർ സ്വദേശി കെ.ദാമോദര മേനോന്റെയും വിലാസിനി അമ്മയുടെയും മകനായി 1964 മെയ് 31നു ജനനം. ബിഎ സോഷ്യളജി, എൽഎൽഎം ബിരുദധാരി. എൻ എസ് യു ഐ സെക്രട്ടറി, കെപിസിസി വൈസ് പ്രസിഡന്റ്, എ ഐ സി സി സെക്രട്ടറി തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. കോൺഗ്രസ് നിയമസഭാ കക്ഷി വിപ്പുമായിരുന്നു. കേരള നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി ചെയർമാൻ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ എന്നീ പദവികളും വഹിച്ചു.

ബൈബിൾ തന്നിൽ സൃഷ്ടിച്ച ഉൾക്കാഴ്ചകളെയും സ്വാധീനത്തെയും ആസ്പദമാക്കി 'ആദം നീ എവിടെ ആകുന്നു' എന്ന പുസ്തകവും 'നേരനുഭവങ്ങൾ: വി ഡി സതീശന്റെ ജീവിതവും രാഷ്ട്രീയവും' എന്ന ഓർമ്മക്കുറിപ്പുകളും അദ്ദേഹത്തിന്റേതായുണ്ട്.

ഭാര്യ: ലക്ഷ്മിപ്രിയ. മകൾ: ഉണ്ണിമായ

**ഓഫീസ്:** സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, മൂന്നാം നില, 141 നമ്പർ മുറി
**ഔദ്യോഗിക വസതി:** ക്ലിഫ് ഹൗസ്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333241 മൊബൈൽ: 9400001701

# പി കെ കുഞ്ഞാലിക്കുട്ടി

P K KUNHALIKUTTY



## വകുപ്പുകൾ, ചുമതലകൾ

വ്യവസായവും വാണിജ്യവും, വിവരസാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സ്റ്റാർട്ടപ്പുകൾ, ഖനനവും ഭൂവിജ്ഞാനീയവും, കൈത്തറിയും വസ്ത്രവ്യാപാരവും

വേങ്ങര നിയമസഭാമണ്ഡലത്തിൽ നിന്നുള്ള എം.എൽ.എ. മുഹമ്മദ് ഹാജിയുടെയും ഫാത്തിമക്കുട്ടിയുടെയും മകനായി 1951 ജൂൺ ഒന്നിന് മലപ്പുറം ഊരകത്ത് ജനനം. ബി കോം ബിരുദധാരിയാണ്.

2021 മുതൽ പ്രതിപക്ഷ ഉപനേതാവായിരുന്നു. പതിനാലാം കേരള നിയമസഭയിലും പ്രതിപക്ഷ ഉപനേതാവായിരുന്നു. മലപ്പുറം നിയോജക മണ്ഡലത്തിൽ നിന്ന് 1982ലും 87ലും കുറ്റിപ്പുറം മണ്ഡലത്തിൽ നിന്ന് 1991, 1996, 2001 വർഷങ്ങളിലും വേങ്ങര മണ്ഡലത്തിൽ നിന്ന് 2011, 2016, 2021 വർഷങ്ങളിലും തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ ഐ യു എം എൽ ദേശീയ ജനറൽ സെക്രട്ടറിയാണ്. 2017 മുതൽ 2019 വരെയും, 2019 മുതൽ 2021 വരെയും ലോക്സഭാംഗമായിട്ടുണ്ട്.

ഭാര്യ: കെ എം കുൽസു
മക്കൾ: പി കെ ഹാഷിഖ്, ലസിത സുൽഫീഖ്

ഓഫീസ് : സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, മൂന്നാം നില, 149 നമ്പർ മുറി.
ഔദ്യോഗിക വസതി : ലിൻഡ് ഹസ്റ്റ്, ദേവസ്വം ബോർഡ് ജംഗ്ഷൻ, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2336881 മൊബൈൽ: 9400001702

# രമേശ് ചെന്നിത്തല

RAMESH CHENNITHALA




## വകുപ്പുകൾ, ചുമതലകൾ

ആഭ്യന്തരം, വിജിലൻസ്,
അഗ്നിശമന-രക്ഷാസേന,
ജയിലുകൾ, കയർ

പതിനാലാം നിയമസഭയിൽ പ്രതിപക്ഷ നേതാവായിരുന്നു. ഹരിപ്പാട് നിയമസഭാ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. നേരത്തെ 1982ലും 1987ലും ഇതേ മണ്ഡലത്തിൽ നിന്ന് വിജയിച്ചു. 2011 മുതൽ തുടർച്ചയായി ഹരിപ്പാട് മണ്ഡലത്തെ പ്രതിനിധീകരിക്കുന്നു. കോട്ടയത്ത് നിന്ന് 1989, 1991, 1996 വർഷങ്ങളിലും മാവേലിക്കരയിൽ നിന്ന് 1999ലും ലോക്സഭയിലേക്ക് വിജയിച്ചു. 1986 ജൂൺ 5 മുതൽ 87 മാർച്ച് 25 വരെ സംസ്ഥാന ഗ്രാമവികസന വകുപ്പ് മന്ത്രിയായിരുന്നു. 2014 ജനുവരി ഒന്ന് മുതൽ 2016 മെയ് 20 വരെ ആഭ്യന്തര മന്ത്രി സ്ഥാനവും വഹിച്ചു.

കെ എസ് യു സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. 1990ൽ ചേരി ചേരാ രാജ്യങ്ങളിലെ യുവജന സംഘടനകളുടെ സമിതിയുടെ സെക്രട്ടറി ജനറൽ കെ പി സി സി മുൻ അധ്യക്ഷനാണ്. ആലപ്പുഴ ചെന്നിത്തല സ്വദേശി. വി രാമകൃഷ്ണൻ നായരുടെയും ദേവകി അമ്മയുടെയും മകനായി 1956 മെയ് 25നാണ് ജനനം. ചെന്നിത്തല മഹാത്മ സ്കൂൾ, ചങ്ങനാശ്ശേരി എൻ എസ് എസ് കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം.
ബി എ എക്കണോമിക്സ് ബിരുദധാരിയാണ്.
ഹിന്ദി വിശാരദ് യോഗ്യത നേടിയിട്ടുണ്ട്.
തിരുവനന്തപുരം
ലോ കോളേജിൽ എൽ എൽ ബി പഠനം നടത്തി.

ഭാര്യ: ടി എൻ അനിത. മക്കൾ: ഡോ. രോഹിത് ചെന്നിത്തല, രമിത് ചെന്നിത്തല ഐ.ആർ.എസ്

ഓഫീസ് : സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക് രണ്ടാം നില 131 (N 200) നമ്പർ മുറി.
ഔദ്യോഗിക വസതി : പമ്പ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333294, 2333254 മൊബൈൽ: 9400001718

# അഡ്വ. സണ്ണി ജോസഫ്

ADV. SUNNY JOSEPH



## വകുപ്പുകൾ, ചുമതലകൾ

വൈദ്യുതി, പരിസ്ഥിതി,
പാർലമെന്ററി കാര്യം

പേരാവൂർ മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം. ജോസഫ് വാടക്കേകുന്നേലിന്റെയും റോസക്കുട്ടിയുടെയും മകനായി 1952 ഓഗസ്റ്റ് 18ന് ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ജനിച്ചു. ബി എ, എൽ.എൽ.ബി ബിരുദധാരി. അഭിഭാഷകനാണ്. നിലവിൽ കെ.പി. സി.സി പ്രസിഡന്റ്. 2011, 2016, 2021 വർഷങ്ങളിലും പേരാവൂരിൽ നിന്നാണ് നിയമസഭയിലെത്തിയത്. പതിനാലാം കേരള നിയമസഭയിൽ പ്രതിപക്ഷ ചീഫ് വിപ്പ് ആയിരുന്നു. പതിനഞ്ചാം കേരളനിയമസഭയിൽ കേരള നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായി.

ഭാര്യ: എൽസി ജോസഫ്
മക്കൾ: ആശ റോസ്, ഡോ. അഞ്ജു റോസ്

ഓഫീസ്: സെക്രട്ടേറിയറ്റ് നോർത്ത് സാൻഡ് വിച്ച് ബ്ലോക്ക്, മൂന്നാം നില, 216 നമ്പർ മുറി
ഔദ്യോഗിക വസതി : അശോക, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2336866, 2336966. മൊബൈൽ: 9400001708

# കെ മുരളീധരൻ

K MURALEEDHARAN



## വകുപ്പുകൾ, ചുമതലകൾ

ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, ആരോഗ്യ സർവകലാശാല, തദ്ദേശീയ വൈദ്യശാസ്ത്രം, ആയുഷ്, ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യസുരക്ഷ, കുടുംബക്ഷേമം, ദേവസ്വം

വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം. മുൻ മുഖ്യമന്ത്രി കെ.കരുണാകരന്റെയും കല്യാണിക്കുട്ടി അമ്മയുടെയും മകനായി 1957 മെയ് 14 ന് തൃശ്ശൂരിൽ ജനനം. ബിഎ, എൽഎൽബി ബിരുദധാരി. സേവാദൾ പ്രവർത്തകനായി രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1989-ലും 1999-ലും കോഴിക്കോട് നിന്ന് ലോക്സഭാംഗമായി. 1991ൽ വിജയം ആവർത്തിച്ചു. 2001-04 കാലഘട്ടത്തിൽ കെപിസിസി പ്രസിഡന്റായി. 2004 ഫെബ്രുവരി 11 മുതൽ മെയ് 14 വരെ യുഡിഎഫ് മന്ത്രിസഭയിൽ വൈദ്യുതി മന്ത്രി ആയിരുന്നു. 2011ലും 2016ലും നിയമസഭാ തിരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിന്ന് വിജയിച്ചു. 2019ൽ നിയമസഭാംഗത്വം രാജിവച്ച് വടകര ലോക്സഭാ മണ്ഡലത്തിൽ മത്സരിച്ച് വിജയിച്ചു.

ഭാര്യ: ജ്യോതി മുരളീധരൻ
മക്കൾ: അരുൺ നാരായൺ, ശബരിനാഥ്.

ഓഫീസ്: സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, രണ്ടാം നില, 140 നമ്പർ മുറി
ഔദ്യോഗിക വസതി : സാനഡു, വഴുതക്കാട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2327068 മൊബൈൽ: 9400001722

# മോൻസ് ജോസഫ്

MONS JOSEPH



## വകുപ്പുകൾ, ചുമതലകൾ

ജലസേചനം, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി, ഭൂഗർഭജല വകുപ്പ്, ജലവിതരണവും ശുചിത്വവും, ഭവനനിർമ്മാണം

കടുത്തുരുത്തിയിൽനിന്ന് ആറാമത്തെ ജയം. കേരള കോൺഗ്രസ് (ജോസഫ് വിഭാഗം) എക്സിക്യൂട്ടിവ് ചെയർമാനാണ്. യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡന്റ്, കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1996-ൽ ആദ്യമായി എം.എൽ.എ. ആയി. 2006-11 കാലയളവിലെ വി.എസ്.അച്യുതാനന്ദൻ മന്ത്രിസഭയിൽ ഒരു വർഷക്കാലം പൊതുമരാമത്ത് മന്ത്രിയായിരുന്നു.

1964 മെയ് 30ന് കടുത്തുരുത്തി ആപ്പാഞ്ചിറ നരിമറ്റത്തു മ്യാലിൽ ഒ ജോസഫിന്റെയും മറിയാമ്മ ജോസഫിന്റെയും മകനായി ജനനം. നിയമ ബിരുദധാരിയാണ്.

ഭാര്യ: സോണിയ ജോസ്
മകൾ: മരീന മോൻസ്

ഓഫീസ് : സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, ഒന്നാം നില, 118 (എൻ 100) നമ്പർ മുറി
ഔദ്യോഗിക വസതി : പെരിയാർ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333772, 2333849 മൊബൈൽ: 9400001703

# ഷിബു ബേബി ജോൺ

SHIBU BABY JOHN




## വകുപ്പുകൾ, ചുമതലകൾ

വനം, വന്യജീവി സംരക്ഷണം, നൈപുണ്യ വികസനം, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

ചവറയിൽ നിന്നുള്ള നിയമസഭാംഗമാണ്. 2001, 2011 വർഷങ്ങളിൽ ചവറയിൽ നിന്ന് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 2011ൽ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ തൊഴിൽ വകുപ്പ് മന്ത്രിയായി.

ആർ.എസ്. പി.യുടെ സമുന്നത നേതാക്കളിലൊരാളും ദീർഘകാലം സംസ്ഥാന മന്ത്രിയുമായിരുന്ന ബേബി ജോണിന്റെയും അന്നമ്മ ജോണിന്റെയും മകനായി 1963 ജൂലൈ 27ന് ചവറയിൽ ജനനം. മെക്കാനിക്കൽ എൻജിനീയറിങ് ബിരുദധാരിയാണ്.

ഭാര്യ : ആനി
മക്കൾ : അച്ചു ബേബി ജോൺ
അമർ സെബാസ്റ്റ്യൻ ജോൺ

ഓഫീസ്: സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക്, ഒന്നാം നില, 129 നമ്പർ മുറി.
ഔദ്യോഗിക വസതി : എസ്സെൻഡേൻ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333487, 2518680 മൊബൈൽ: 9400001704

# അനൂപ് ജേക്കബ്

ANOOP JACOB




**വകുപ്പുകൾ, ചുമതലകൾ**

ഭക്ഷ്യ - പൊതുവിതരണം,
ഉപഭോക്തൃ കാര്യം, ലീഗൽ മെട്രോളജി

പിറവം നിയമ സഭ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. മുൻ മന്ത്രി ടി എം ജേക്കബിന്റെയും ആനി ജേക്കബിന്റെയും മകനായി 1977 ഡിസംബർ 16ന് കൂത്താട്ടുകുളം ഒലിയപ്പുറം താണിക്കുന്നേൽ കുടുംബത്തിൽ ജനനം. ബി. എ എൽ എൽ ബി ബിരുദധാരി. കേരള കോൺഗ്രസ് ജേക്കബ് വിഭാഗം പാർലമെന്ററി പാർട്ടി ലീഡറാണ്. യു ഡി എഫ് പാർലമെന്ററി പാർട്ടി ട്രഷറർ.

നേരത്തെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ 2012 ഏപ്രിൽ 12 മുതൽ 2016 മെയ് 20 വരെ ഭക്ഷ്യ മന്ത്രിയായിരുന്നു. 2012 മാർച്ച് 17നു നടന്ന പിറവം മണ്ഡലം നിയമസഭാ ഉപതിരഞ്ഞെടുപ്പ് വിജയത്തെ തുടർന്നാണ് ആദ്യമായി നിയമസഭാംഗമാകുന്നത്. തുടർന്ന് 2016ൽ പതിനാലാം നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു.

ഭാര്യ: അനില മേരി വർഗീസ്. മക്കൾ: ജേക്കബ്, ലിറ.

ഓഫീസ്: സെക്രട്ടേറിയറ്റ് നോർത്ത് സാൻഡ് വിച്ച് ബ്ലോക്ക്, രണ്ടാം നില, 208 നമ്പർ മുറി
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2327561 മൊബൈൽ: 9400001705

# സി പി ജോൺ

CP JOHN



## വകുപ്പുകൾ, ചുമതലകൾ

റോഡ് ഗതാഗതം, മോട്ടോർ വാഹന വകുപ്പ്, ജലഗതാഗതം

തിരുവനന്തപുരം നിയമസഭാമണ്ഡലത്തിൽ നിന്ന് വിജയിച്ചു. എ.കെ.ആന്റണി, ഉമ്മൻചാണ്ടി മന്ത്രിസഭകളിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗമായിരുന്നു.

1986-ൽ രൂപീകരിച്ച കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്.

തൃശൂർ ജില്ലയിലെ കുന്നംകുളത്ത് കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറായിരുന്ന സി.എ.പൗലോസിന്റെയും ഹൈസ്കൂൾ അധ്യാപികയായിരുന്ന റോസയുടേയും മകനായി 1957 ഏപ്രിൽ 22ന് ജനനം. ഭൗതിക ശാസ്ത്രത്തിൽ ബി.എസ്.സി ബിരുദവും നിയമ ബിരുദവും നേടി.

ഭാര്യ : അരുണ
മക്കൾ : അപർണ, അഞ്ജന

ഓഫീസ് : സെക്രട്ടേറിയറ്റ് മെയിൻ ബ്ലോക്ക്, ഒന്നാം നില, 358 നമ്പർ മുറി.
ഔദ്യോഗിക വസതി : റോസ് ഹൗസ്, വഴുതക്കാട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2332021 മൊബൈൽ: 9400001706

# എ പി അനിൽകുമാർ

A P ANILKUMAR



## വകുപ്പുകൾ, ചുമതലകൾ

ലാൻഡ് റവന്യൂ, സർവേയും ഭൂരേഖകളും, ഭൂപരിഷ്കരണം

വണ്ടൂർ നിയമസഭാമണ്ഡലത്തിൽ നിന്നുമുള്ള അംഗം. എ പി ബാലന്റെയും കെ സി ദേവകിയുടെയും മകനായി 1965 മാർച്ച് 15നു മലപ്പുറത്ത് ജനിച്ചു. കെ എസ് യു ജില്ലാ സെക്രട്ടറി, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. നിലവിൽ കെ പി സി സി വർക്കിങ് പ്രസിഡന്റും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറിയുമാണ്. 2004 സെപ്തംബർ 5 മുതൽ 2006 മെയ് 12 വരെ പട്ടിക ജാതി - പട്ടിക വർഗ - പിന്നാക്ക - യുവജന ക്ഷേമം, സാംസ്കാരികം, മ്യൂസിയം, കാഴ്ചബംഗ്ലാവ്, പുരാവസ്തു വകുപ്പുകളുടെ മന്ത്രി ആയിരുന്നു. 2011-16 യു ഡി എഫ് മന്ത്രിസഭയിൽ പിന്നാക്ക ക്ഷേമം, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ മന്ത്രിയായും പ്രവർത്തിച്ചു. വണ്ടൂർ മണ്ഡലത്തിൽ നിന്ന് 2001, 2006, 2011, 2016 വർഷങ്ങളിൽ നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഭാര്യ: പി പ്രസീജ
മക്കൾ: അർജുൻ, അമൽ

ഓഫീസ്: സെക്രട്ടേറിയറ്റ് മെയിൻ ബ്ലോക്ക്, ഒന്നാം നില, 397 നമ്പർ മുറി
ഔദ്യോഗിക വസതി : കാവേരി, നിയർ കന്റോൺമെന്റ് ഹൗസ്, പാളയം
ടെലിഫോൺ നമ്പർ ഓഫീസ്: 2333833, 2331685 മൊബൈൽ: 9400001714

# അഡ്വ. എൻ ഷംസുദ്ദീൻ

N SHAMSUDHEEN



## വകുപ്പുകൾ, ചുമതലകൾ

പൊതുവിദ്യാഭ്യാസം, സാക്ഷരതാ പ്രസ്ഥാനം, വഖഫും ഹജ്ജ് തീർത്ഥാടനവും, ന്യൂനപക്ഷ ക്ഷേമം

മണ്ണാർക്കാട് മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം. എൻ മുഹമ്മദ് കുട്ടിയുടെയും വി വി മറിയക്കുട്ടിയുടെയും മകനായി 1969 മെയ് 31ന് മലപ്പുറം ജില്ലയിലെ പറവണ്ണയിൽ ജനനം. ബി കോം. എൽ എൽ ബി ബിരുദധാരി. അഭിഭാഷകനാണ്. മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. നിലവിൽ ഐ യു എം എൽ സംസ്ഥാന സെക്രട്ടറിയും ദേശീയ വർക്കിങ് കമ്മിറ്റി അംഗവുമാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ അംഗമാണ്. മണ്ണാർക്കാട് മണ്ഡലത്തിൽ നിന്ന് 2011ലും 2016ലും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഭാര്യ: റാഫിദ കെ.പി
മകൾ: എൻ ഷെഹർസാദ്

ഓഫീസ്: സെക്രട്ടേറിയറ്റ് അനക്സ് രണ്ട്, ഏഴാം നില, 701 നമ്പർ മുറി
ഔദ്യോഗിക വസതി : നെസ്റ്റ്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2327876, 2327976 മൊബൈൽ: 9400001721

# പി സി വിഷ്ണുനാഥ്

P C VISHNUNATH



## വകുപ്പുകൾ, ചുമതലകൾ

ടൂറിസം, സാംസ്കാരികം, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കുണ്ടറ നിയമസഭാമണ്ഡലത്തെ പ്രതിനിധീകരിക്കുന്നു. നിലവിൽ കെപിസിസി വർക്കിങ് പ്രസിഡന്റ്. 2006ലും 2011 ലും ചെങ്ങന്നൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തി. 2021ൽ കുണ്ടറയിൽനിന്ന് വിജയിച്ചു. കെ.എസ്.യു പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ ജനറൽ സെക്രട്ടറി, കേരള സർവകലാശാല സെനറ്റ് അംഗം, കെപിസിസി ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, എഐസിസി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

പുത്തൂർ മാവടി പാലോട്ട് വൈഷ്ണവം വീട്ടിൽ ചെല്ലപ്പൻപിള്ളയുടെയും ലീലയുടെയും മകനാണ്.

ഭാര്യ: കനകഹാമ (കന്നഡ എഴുത്തുകാരി)
മകൾ:അന്നപൂർണേശ്വരീദേവി.

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്സ് 2, ആറാം നില, 601-ാം നമ്പർ മുറി.
ഒദ്യോഗിക വസതി : നിള, നിയർ കന്റോൺമെന്റ് ഹൗസ്, പാളയം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333160 മൊബൈൽ: 9400001712

# റോജി എം ജോൺ

ROJI M JOHN




## വകുപ്പുകൾ, ചുമതലകൾ

കോളേജ് വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സർവകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവകലാശാലകൾ ഒഴികെ), പ്രവേശന പരീക്ഷ, നാഷണൽ കേഡറ്റ് കോർപ്സ് (NCC), അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കേരള

അങ്കമാലി മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. എം വി ജോണിന്റെയും എൽസമ്മ ജോണിന്റെയും മകനായി 1982 മെയ് 20നു കണ്ണൂർ തളിപ്പറമ്പിൽ ജനനം. എം എ, എം ഫിൽ ബിരുദധാരി. എൻ.എസ്.യു പ്രസിഡന്റായിരുന്നു. നിലവിൽ എ ഐ സി സി സെക്രട്ടറി. അങ്കമാലി മണ്ഡലത്തിൽ നിന്ന് 2016ലും 2021 ലും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഭാര്യ: ലിപ്സി കെ.പി

ഓഫീസ്: സെക്രട്ടേറിയറ്റ് അനക്സ് ഒന്ന്, നാലാം നില, 401 നമ്പർ മുറി
ഒദ്യോഗിക വസതി : ഗ്രേസ്, കന്റോൺമെന്റ് ഹൗസിന് സമീപം, പാളയം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2327796, 2327895 മൊബൈൽ: 9400001716

# അഡ്വ. ബിന്ദു കൃഷ്ണ

ADV. BINDU KRISHNA




## വകുപ്പുകൾ, ചുമതലകൾ

തൊഴിൽ, മൃഗസംരക്ഷണം, ക്ഷീരവികസനം, ക്ഷീരസഹകരണ സംഘങ്ങൾ, വനിതാശിശുവികസനം, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല

കൊല്ലം നിയമസഭാമണ്ഡലത്തിൽ നിന്ന് വിജയിച്ചു. കൊല്ലം ചാത്തന്നൂർ കുമ്മല്ലൂർ സ്വദേശിയാണ്. കോൺഗ്രസ് പ്രാദേശിക നേതാവായിരുന്ന പി.സുകുമാരന്റെയും ബി.വസുമതിയുടെയും മകളായി 1972 മെയ് 24-നാണ് ജനനം. നിലവിൽ ചിന്നക്കട ശാന്തിനഗർ-43 ൽ നക്ഷത്ര അവന്യുവിൽ താമസം. കൊല്ലം എസ്.എൻ. വനിതാകോളേജിലെ പഠനത്തിനു ശേഷം തിരുവനന്തപുരം ലോ അക്കാദമിയിൽ നിന്ന് നിയമബിരുദവും ഗവ. ലോ കോളേജിൽനിന്ന് ബിരുദാനന്തര ബിരുദവും നേടി. കൊല്ലം ബാറിൽ അഭിഭാഷകയായിരുന്നു.

2021 ൽ കൊല്ലം, 2011 ൽ ചാത്തന്നൂർ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും 2014 ൽ ആറ്റിങ്ങൽ ലോക് സഭാമണ്ഡലത്തിൽ നിന്നും മത്സരിച്ചു. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ വനിതാ ജില്ലാ പ്രസിഡന്റാണ്. നിലവിൽ കെപിസിസിയുടെ രാഷ്ട്രീയകാര്യ സമിതി അംഗം.

ഭർത്താവ്: അഡ്വ.എസ്. കൃഷ്ണകുമാർ (തിരുവനന്തപുരം ഡിസിസി ജനറൽ സെക്രട്ടറി) മകൻ: ശ്രീകൃഷ്ണ.

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്സ് 2, മൂന്നാം നില, 301 നമ്പർ മുറി.
ഔദ്യോഗിക വസതി : തൈക്കാട് ഹൗസ്, വഴുതക്കാട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2332868 മൊബൈൽ: 9400001719

# അഡ്വ. എം ലിജു



ADV. M LIJU

## വകുപ്പുകൾ, ചുമതലകൾ

സഹകരണം, എക്സൈസ്

ആലപ്പുഴ ഹരിപ്പാട് സ്വദേശി. കായംകുളം മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു.

യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, ആലപ്പുഴ ഡി സി സി പ്രസിഡന്റ്, കെ പി സി സി സെക്രട്ടറി, ജനറൽ സെക്രട്ടറി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. നിലവിൽ കെ പി സി സി വൈസ് പ്രസിഡന്റാണ്. നിയമത്തിൽ ബിരുദാനന്തരബിരുദം നേടിയിട്ടുണ്ട്. തിരുവനന്തപുരം ലോ കോളേജിൽ മാഗസിൻ എഡിറ്ററായിരുന്നു. ഹരിപ്പാട് ആനാരി മീനത്തേതിൽ എം.മോഹൻലാലിന്റെയും ചന്ദ്രിക ലാലിന്റെയും മകനാണ്.

ഭാര്യ: അമ്പിളി ലിജു (കയർ ബോർഡ് ഉദ്യോഗസ്ഥ). മക്കൾ: ഗാർഗി പ്രിയദർശിനി, ഗഗന പ്രിയദർശിനി.

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്സ് 2, ഒന്നാം നില, 101 നമ്പർ മുറി.
ഔദ്യോഗിക വസതി : അജന്ത, കേരള ലോക്ഭവന് എതിർവശം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333091, 2335075 മൊബൈൽ: 9400001710

# കെ എം ഷാജി



K M SHAJI

## വകുപ്പുകൾ, ചുമതലകൾ

പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, നഗരാസൂത്രണം, ഗ്രാമവികസനം, പ്രാദേശിക വികസന അതോറിറ്റികൾ, കില

1972 ഡിസംബർ 22ന് വയനാട് ജില്ലയിലെ കണിയാമ്പറ്റയിൽ കെ.എം.ബീരാൻ കുട്ടിയുടേയും പി.സി.ആയിഷക്കുട്ടിയുടേയും മകനായി ജനനം. കണിയാമ്പറ്റ ഗവ. ഹയർ സെക്കൻഡറി സ്‌കൂളിൽനിന്ന് ഹൈസ്‌കൂൾ വിദ്യാഭ്യാസവും കോഴിക്കോട് ചേന്ദമംഗലൂർ ഇസ്ലാഹിയ കോളേജിൽ നിന്ന് പ്രീഡിഗ്രിയും പൂർത്തിയാക്കി. ബംഗളുരു അൽ അമീൻ കോളേജിൽ ബി ബി എയ്ക്ക് ചേർന്നെങ്കിലും കോഴ്‌സ് പൂർത്തിയാക്കിയിട്ടില്ല. സ്‌കൂൾ ലീഡർ ആയിരുന്ന കാലം മുതൽ സജീവ രാഷ്ട്രീയ പ്രവർത്തകനാണ്. മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി പദവികൾ വഹിച്ചു. 1995ൽ കണിയാമ്പറ്റ പഞ്ചായത്ത് വൈസ് പ്രസിഡന്റായും 1997ൽ പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. 2006 ൽ കൊല്ലം ജില്ലയിലെ ഇരവിപുരം മണ്ഡലത്തിൽ നിന്ന് ആദ്യമായി നിയമസഭയിലേക്ക് മത്സരിച്ചു. 2011ൽ കണ്ണൂരിലെ അഴീക്കോട് മണ്ഡലത്തിൽ നിന്ന് നിയമസഭയിലെത്തി. 2021വരെ അഴീക്കോട് എംഎൽഎയായിരുന്നു. നിയമസഭയിലെ വിവിധ സബ്ജക്ട് കമ്മിറ്റികളിലും അഡ്‌ഹോക് കമ്മിറ്റികളിലും അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 2026ൽ വേങ്ങരയിൽ നിന്ന് വീണ്ടും നിയമസഭയിലേക്ക്.

ഭാര്യ : കെ.എം.ആശ<br>
മക്കൾ: ഫാത്തിമ, റിഹാൻ മുഹമ്മദ്, ഫർഹാൻ അഹമ്മദ്

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്‌സ് 1, അഞ്ചാം നില, 501-സി നമ്പർ മുറി.<br>
ഔദ്യോഗിക വസതി : പൗർണമി, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്<br>
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333526, 2327495 മൊബൈൽ: 9400001713

# പി കെ ബഷീർ

P K BASHEER



## വകുപ്പുകൾ, ചുമതലകൾ

പൊതുമരാമത്ത് വകുപ്പ്

ഏറനാട് മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം. മുൻ എം എൽ എയും ചീഫ് വിപ്പുമായിരുന്ന പി സീതിഹാജിയുടെയും ഫാത്തിമ സീതിയുടെയും മകൻ. 1959 സെപ്റ്റംബർ 25ന് മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ജനനം. 1977ൽ എംഎസ്എഫിലൂടെയാണ് രാഷ്ട്രീയ പ്രവേശനം. എടവണ്ണ പഞ്ചായത്ത് പ്രസിഡന്റായും മലപ്പുറം ജില്ല

പഞ്ചായത്ത് അംഗമായും പ്രവർത്തിച്ചു. ഏറനാട് മണ്ഡലത്തിൽ നിന്ന് 2011ലും 2016ലും വിജയിച്ച് നിയമസഭയിലെത്തി.

എടവണ്ണ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു. നിലവിൽ മുസ്ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗമാണ്. എടവണ്ണ യത്തീംഖാന ജനറൽ സെക്രട്ടറി, മഞ്ചേരി പി.സി.സി. മാർക്കറ്റിങ് സൊസൈറ്റി പ്രസിഡന്റ്, ജാമിയ ട്രസ്റ്റ് മാനേജിങ് കമ്മിറ്റി അംഗം, ഏറനാട് മുസ്ലീം എഡ്യൂക്കേഷണൽ അസോസിയേഷൻ ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചു വരുന്നു.

ഭാര്യ: റസിയ ബഷീർ. മക്കൾ: ജിഹാൻ ഹാരിദ്, നഹാൻ അസ്ഹർ, സജിൻ സീതി.

ഓഫീസ്- സെക്രട്ടേറിയറ്റ് ആനക്സ് 2, അഞ്ചാം നില, 501 നമ്പർ മുറി
ഔദ്യോഗിക വസതി : ഉഷസ്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2335366 മൊബൈൽ : 9400001720

# അഡ്വ. വി ഇ അബ്ദുൾ ഗഫൂർ

ADV. V E ABDUL GAFOOR



## വകുപ്പുകൾ, ചുമതലകൾ

ഫിഷറീസ്, ഹാർബർ എഞ്ചിനീയറിങ്, സാമൂഹികനീതി

കളമശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ചു. ആദ്യമായാണ് നിയമസഭയിൽ എത്തുന്നത്. 1976നവംബർ 8 ന് എറണാകുളം ജില്ലയിലെ ആലങ്ങാട് പഞ്ചായത്തിലെ കോങ്ങോർപ്പിള്ളിയിൽ മുൻ മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞിന്റെയും നദീറയുടെയും മൂത്ത മകനായി ജനനം. ആലുവ സെറ്റിൽമെന്റ് ഹൈസ്കൂളിലാണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. വിദ്യാർഥിയായിരിക്കെ സംസ്ഥാന അണ്ടർ 16 ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കളമശ്ശേരി സെന്റ് പോൾസ് കോളജിൽ പ്രീഡിഗ്രി പഠനം. തിരുവനന്തപുരം കേരള ലോ അക്കാദമിയിൽ നിന്ന് എൽ.എൽ.ബി ബിരുദം നേടി. 2000 ൽ കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്ത് അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. ഹൈക്കോടതിയിൽ വിവിധ പൊതുമേഖല സ്ഥാപനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും സ്റ്റാൻഡിങ് കൗൺസൽ ആയി പ്രവർത്തിച്ചു. നിലവിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് എറണാകുളം ജില്ലാ ജനറൽ സെക്രട്ടറിയാണ്. 25 വർഷമായി അഭിഭാഷകനായും പൊതുപ്രവർത്തകനായും സജീവമായി പ്രവർത്തിക്കുന്നു.

ഭാര്യ: ദിലാറ, മക്കൾ: റിദ, വസീം, റയ.

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്സ് 2, രണ്ടാം നില, 201 നമ്പർ മുറി.
ഔദ്യോഗിക വസതി : കവടിയാർ ഹൗസ്, വെള്ളയമ്പലം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2327560 മൊബൈൽ: 9400001707

# അഡ്വ. ടി സിദ്ദിഖ്

T SIDDIQUE



## വകുപ്പുകൾ, ചുമതലകൾ

കൃഷി, മണ്ണ് പര്യവേക്ഷണവും
മണ്ണുസംരക്ഷണവും,
കേരള കാർഷിക സർവകലാശാല,
വെയർഹൗസിങ് കോർപ്പറേഷൻ

കൽപ്പറ്റ മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം. ടി കാസിമിന്റെയും നഫീസ കാസിമിന്റെയും മകനായി 1974 ജൂൺ ഒന്നിന് കോഴിക്കോട് ജില്ലയിൽ ജനിച്ചു. ബി കോം, എൽ എൽ ബി ബിരുദധാരി. അഭിഭാഷകൻ. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്നു. കെ പി സി സി ജനറൽ സെക്രട്ടറി, വൈസ് പ്രസിഡണ്ട്, കോഴിക്കോട് ഡി സി സി പ്രസിഡന്റ് എന്നീ പദവികളും വഹിച്ചു. നിലവിൽ എ ഐ സി സി അംഗവും കെ പി സി സി വർക്കിങ് പ്രസിഡന്റുമാണ്. കൽപ്പറ്റ മണ്ഡലത്തിൽ നിന്ന് 2021ലും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

ഭാര്യ: പി വി ഷറഫുന്നീസ. മക്കൾ: അഥിൽ, ആഷിഖ്, സിൽ എസ്ദാൻ

ഓഫീസ്: സെക്രട്ടേറിയറ്റ് സൗത്ത് ബ്ലോക്ക്, രണ്ടാം നില, എസ് എസ് 210 ( പഴയ 644)
ഔദ്യോഗിക വസതി : ഗംഗ, കന്റോൺമെന്റ് ഹൗസ് കോമ്പൗണ്ട്, പാളയം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2333371 മൊബൈൽ: 9400001715

# കെ എ തുളസി

KA THULASI



## വകുപ്പുകൾ, ചുമതലകൾ

പട്ടികജാതി, പട്ടികവർഗ,
പിന്നാക്ക വിഭാഗ വികസനം

പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽനിന്ന് വിജയിച്ചു. തൃശ്ശൂർ കൊണ്ടാഴിയിൽ അയ്യപ്പന്റെയും അമ്മിണിയുടെയും മകളായി 1973 മെയ് ഏഴിന് ജനനം. പഴയന്നൂർ ഹയർ സെക്കൻഡറി സ്കൂൾ, ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ്, മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോളേജ്, പാലക്കാട് ഗവ. വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ പഠനം.

2000-2005 ൽ ചേലക്കര ഡിവിഷനിൽ നിന്ന് ജില്ലാ പഞ്ചായത്തംഗമായി. 2001 ൽ ചേലക്കര നിയമസഭാ മണ്ഡലത്തിലും 2004 ൽ ഒറ്റപ്പാലം പാർലമെന്റ് മണ്ഡലത്തിലും മത്സരിച്ചു. 2012-2017 ൽ സംസ്ഥാന വനിതാകമ്മീഷൻ അംഗമായിരുന്നു.

2004 മുതൽ കെപിസിസി എക്സിക്യൂട്ടീവ് അംഗം, 2016-2023 വരെ എഐസിസി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ആറു വർഷമായി കെപിസിസി ജനറൽ സെക്രട്ടറിയാണ്.

ഭർത്താവ്: വി.കെ.ശ്രീകണ്ഠൻ എം.പി

ഓഫീസ് : സെക്രട്ടേറിയറ്റ് സൗത്ത് ബ്ലോക്ക്, മൂന്നാം നില, എസ് 301 നമ്പർ മുറി (പഴയ 647)
ഔദ്യോഗിക വസതി : പ്രശാന്ത്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2327135 മൊബൈൽ: 9400001709

# അഡ്വ. ഒ ജെ ജനീഷ്

O J JANISH



## വകുപ്പുകൾ, ചുമതലകൾ

കായികം, യുവജനകാര്യം,
മൃഗശാലകൾ, മ്യൂസിയം,
രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ്,
ആർക്കൈവ്സ് (പുരാരേഖാ വകുപ്പ്)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ നിന്ന് വിജയം.

തൃശ്ശൂർ ജില്ലയിലെ കുഴൂരിൽ ഓടാശ്ശേരി ജനരഞ്ജൻപുഷ്പ ദമ്പതികളുടെ മൂത്ത മകനായി 1988 ഏപ്രിൽ 21ന് ജനനം. കുഴൂർ ഗവ. ഹൈസ്കൂളിലും പുത്തൻവേലിക്കര വി.സി.എസ്എച്ച്.എസ്.എസിലുമായി സ്കൂൾ വിദ്യാഭ്യാസം. പെരുമ്പാവൂർ ഗവ. പോളിടെക്നിക്കിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമ നേടി. 2019-ൽ തൃശ്ശൂർ ഗവ. ലോ കോളേജിൽ നിന്ന് ബിബിഎ എൽ.എൽ.ബി ബിരുദവും നേടി. എൻറോൾ ചെയ്ത ശേഷം ചാലക്കുടിയിലെ പ്രമുഖ അഭിഭാഷകൻ എം.കെ റോയിയുടെ ജൂനിയറായി പ്രവർത്തിച്ചുവരികയാണ്. നിലവിൽ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റാണ്.

ഭാര്യ: അഡ്വ. ശ്രീലക്ഷ്മി

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്സ് 1, ആറാം നില, 603 നമ്പർ മുറി.
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2326772, 2327135 മൊബൈൽ: 9400001711

# തിരുവഞ്ചൂർ രാധാകൃഷ്ണൻ



THIRUVANCHOOR RADHAKRISHNAN

**ചുമതല**

സ്പീക്കർ, കേരള നിയമസഭ

കോട്ടയം മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം. കെ പി പരമേശ്വരൻ പിള്ളയുടെയും ഗൗരിക്കുട്ടി അമ്മയുടെയും മകനായി 1949 ഡിസംബർ 26ന് കോട്ടയം ജില്ലയിൽ ജനനം. ബി.എ, എൽ.എൽ.ബി ബിരുദധാരി. അഭിഭാഷകനാണ്. കെ എസ് യു സംസ്ഥാന പ്രസിഡന്റും സംസ്ഥാന ജനറൽ സെക്രട്ടറിയുമായിരുന്നു. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി സ്ഥാനങ്ങളും വഹിച്ചു. കെ പി സി സി ജനറൽ സെക്രട്ടറി, രാഷ്ട്രീയകാര്യ സമിതി അംഗം എന്നീ പദവികളിലുമെത്തി. പന്ത്രണ്ടാം കേരള നിയമസഭയിൽ പ്രതിപക്ഷ ചീഫ് വിപ്പ് സ്ഥാനം വഹിച്ചു. പതിമൂന്നാം കേരള നിയമസഭയിൽ യു ഡി എഫ് പാർലമെൻററി പാർട്ടി സെക്രട്ടറിയായിരുന്നു. 2004

സെപ്റ്റംബർ അഞ്ച് മുതൽ 2006 മെയ് 12 വരെ ജലവിഭവം, വനം, ആരോഗ്യവും പാർലമെൻററി കാര്യവും വകുപ്പുകളുടെ മന്ത്രിയായിരുന്നു. 2011 മെയ് 23 മുതൽ 2012 ഏപ്രിൽ 11 വരെ റവന്യൂ മന്ത്രിയുമായി. 2012 ഏപ്രിൽ 12 മുതൽ 2013 ഡിസംബർ 31 വരെ ആഭ്യന്തര മന്ത്രിയായിരുന്നു. 2014 ജനുവരി ഒന്ന് മുതൽ 2016 മെയ് 20 വരെ വനം, പരിസ്ഥിതി, ഗതാഗതം, സ്പോർട്സ്, സിനിമ വകുപ്പുകളുടെ മന്ത്രിയായിരുന്നു. അടൂർ നിയോജക മണ്ഡലത്തിൽ നിന്ന് 1991, 1996, 2001, 2006 എന്നീ വർഷങ്ങളിലും കോട്ടയം മണ്ഡലത്തിൽ നിന്ന് 2011, 2016, 2021, 2026 വർഷങ്ങളിലും നിയമസഭയിലെത്തി.

ഭാര്യ: ലളിതാംബിക രാധാകൃഷ്ണൻ

മക്കൾ: അനുപം രാധാകൃഷ്ണൻ, അർജുൻ രാധാകൃഷ്ണൻ, ആതിര രാധാകൃഷ്ണൻ

ഓഫീസ് : റൂം നമ്പർ 515, ഒന്നാം നില, നിയമസഭാ മന്ദിരം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2305830, 2513002
മൊബൈൽ: 9447018116

# അഡ്വ. ഷാനിമോൾ ഉസ്മാൻ

SHANIMOL OSMAN



## ചുമതല

ഡെപ്യൂട്ടി സ്പീക്കർ,
കേരള നിയമസഭ

അരൂരിൽ നിന്നുള്ള നിയമസഭ അംഗമാണ്. 2019 ലെ കേരള നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ അരൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് വിജയിച്ചിട്ടുണ്ട്. ആലപ്പുഴ നഗരസഭാ ചെയർപേഴ്സൻ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം (അമ്പലപ്പുഴ ഡിവിഷൻ), കേരള സർവകലാശാല സെനറ്റ് അംഗം എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. കേരളത്തിൽ നിന്ന് എ.ഐ.സി.സി. സെക്രട്ടറിയായ ആദ്യ വനിതയാണ്. സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം എൽ.എൽ.ബിയും നേടി.

ആലപ്പുഴ തകഴികുന്നുമ്മ വലിയപുരയ്ക്കൽ ഇബ്രാഹിംകുട്ടിയുടെയും ടി.ഇ.സൂറാക്കുട്ടിയുടെയും മകളായി 1966 മെയ് 30ന് ജനനം.

ഭർത്താവ്: അഡ്വ.എ. മുഹമ്മദ് ഉസ്മാൻ (റിട്ട.തഹസിൽദാർ, ബാസ്ക്കറ്റ്ബോൾ മുൻ ദേശീയതാരം, ദേശീയ ഗെയിംസ് മുൻ പ്രൊജക്ട് ഓഫീസർ)

ഓഫീസ് : റൂം നമ്പർ 625, രണ്ടാം നില, നിയമസഭാമന്ദിരം
ടെലിഫോൺ നമ്പർ ഓഫീസ്: 0471 2305831, 2513008 മൊബൈൽ: 9447253703

# അപു ജോൺ ജോസഫ്

APU JOHN JOSEPH



**ചുമതല**

ചീഫ് വിപ്പ്
കേരള സർക്കാർ

ഇടുക്കി ജില്ലയിലെ തൊടുപുഴ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. ആദ്യമായാണ് നിയമസഭാംഗമാവുന്നത്. മുൻമന്ത്രിയും കേരള കോൺഗ്രസ് ചെയർമാനുമായ പി ജെ ജോസഫിന്റെയും ഡോ. ശാന്ത ജോസഫിന്റെയും മകനാണ്. ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷനിൽ എഞ്ചിനീയറിങ് ബിരുദം നേടിയ ശേഷം തിരുവനന്തപുരം ടെക്നോപാർക്കിലും സ്വിറ്റ്സർലൻഡിലെ സ്വിസ്സ് എയറിന്റെ ഐ ടി കമ്പനിയിലും ജോലി ചെയ്തു. തിരികെ നാട്ടിലെത്തിയ ശേഷം കാർഷിക മേഖലയിലും രാഷ്ട്രീയ രംഗത്തും സജീവമായി. നിലവിൽ കേരള കോൺഗ്രസ് സംസ്ഥാന കോർഡിനേറ്റർ, ഗാന്ധിജി സ്റ്റഡി സെന്റർ വൈസ് ചെയർമാൻ, ജോക്കുട്ടൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ഭാര്യ: ഡോ. അനു ജോർജ്. മക്കൾ: ജോസഫ് പി ജോൺ, ജോർജ് പി ജോൺ.

ഓഫീസ് : റൂം നമ്പർ 729, മൂന്നാം നില, നിയമസഭാമന്ദിരം
ടെലിഫോൺ നമ്പർ ഓഫീസ്:0471 2512080, 2301630 മൊബൈൽ: 9544731230

കേരള ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ നയപ്രഖ്യാപന പ്രസംഗത്തിൽനിന്ന്

# പുത്തൻ പ്രതീക്ഷയുടെ നയപ്രഖ്യാപനം



"സാമൂഹ്യനീതിയോടുകൂടിയ സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക ഉത്തരവാദിത്വത്തോടുകൂടിയ ആധുനിക അടിസ്ഥാനസൗകര്യവും മാനുഷിക സഹാനുഭൂതിയോടുകൂടിയ സാങ്കേതിക പുരോഗതിയും അവസരസമത്വവും സമന്വയിപ്പിക്കുന്ന ഒരു പുതിയ കാലഘട്ടത്തിലെ കേരളം 'പുതുയുഗ കേരളം' സൃഷ്ടിക്കുന്നത് സർക്കാർ വിഭാവനം ചെയ്യുന്നു. വികസനം സാധാരണ ജനതയുടെ ജീവിതത്തെ സ്പർശിക്കേണ്ടതാണെന്ന് സർക്കാർ വിശ്വസിക്കുന്നു. ഭരണ നിർവഹണം ഓഫീസുകളിലും ഫയലുകളിലും മാത്രമായി പരിമിതപ്പെടേണ്ടതല്ല"

ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനേക്കാൾ ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് നല്ലത്, പൊതുനന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് ഏറ്റവും നല്ലത്" എന്ന ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഐക്യത്തിന്റെയും സഹകരണത്തിന്റെയും സമ്പന്നത സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ഊട്ടിയുറപ്പിച്ചുകൊണ്ട് സർക്കാർ അതിന്റെ യാത്ര ആരംഭിക്കുകയാണ്.

കേരളം ഇന്ന് അതിന്റെ യാത്രയിലെ ഒരു നിർണ്ണായക ഘട്ടത്തിലാണ്. നിരവധി ദശാബ്ദങ്ങളായി നമ്മുടെ സംസ്ഥാനം ഉയർന്ന വിദ്യാഭ്യാസം, ശക്തമായ ജനാധിപത്യം, ഉയർന്ന സാമൂഹികവികസന സൂചികകൾ, ആഗോളതലത്തിൽ ശ്രദ്ധേയമായ പൊതുജനാരോഗ്യ സംവിധാനം, ഊർജ്ജസ്വലമായ സാംസ്കാരിക ധാർമ്മികത, പ്രബുദ്ധമായ സമൂഹം തുടങ്ങിയ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, സമീപകാലത്ത് സൂചകങ്ങളിൽ ചിലത് താഴ്ചയുടെ ലക്ഷണങ്ങൾ പ്രകടമാക്കുന്നു. സാക്ഷരതയിലും ആയുർദൈർഘ്യത്തിലും പൊതുപങ്കാളിത്തത്തിലും പ്രാഗൽഭ്യനിപുണതയിലും സാമൂഹ്യ സൗഹാർദത്തിലുമുള്ള അതിന്റെ നേട്ടങ്ങളിൽ കേരളം ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ശക്തികളോടൊപ്പം, അടിയന്തരവും ഉത്തരവാദിത്വപരമായ ഇടപെടൽ ആവശ്യപ്പെടുന്ന ഗുരുതരമായ വെല്ലുവിളികളും കേരളം നേരിടുന്നു. പൊതുധനകാര്യം കടുത്ത സമ്മർദ്ദത്തിലാണ്. യുവജനങ്ങളുടെ തൊഴിലില്ലായ്മ ആശങ്കയായി നിലകൊള്ളുന്നു. വർധിച്ചു വരുന്ന ജീവിതച്ചെലവ് സാധാരണ കുടുംബങ്ങൾക്കുമേൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കർഷകർ അനിശ്ചിതമായ ഭാവിയെ അഭിമുഖീകരിക്കുകയാണ്. പരമ്പരാഗത മേഖലകൾ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുകയാണ്.

കാലാവസ്ഥാവ്യതിയാനവും പാരിസ്ഥിതികശോഷണവും മുഖ്യ ഭീഷണികളായി ഉയർന്നു വന്നിട്ടുണ്ട്. എല്ലാ മേഖലകളിലെയും പൊതുസ്ഥാപനങ്ങൾക്ക് പുതുക്കിയ ദിശാബോധവും ഊർജ്ജസ്വലതയും പരിഷ്കരണവും ആവശ്യമാണ്. വെല്ലുവിളിയുടെ സന്ദർഭങ്ങൾ അവസരത്തിന്റെ സന്ദർഭങ്ങൾ കൂടിയാണെന്ന് സർക്കാർ ഉറച്ചു വിശ്വസിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് വിഷമഘട്ടങ്ങളെ തരണം ചെയ്യുന്നതിൽ പൊതുവായ വിവേകവും ഉൾക്കരുത്തും സാമൂഹിക ശക്തിയും ഉണ്ടെന്ന് കേരളം ആവർത്തിച്ച് തെളിയിച്ചിട്ടുണ്ട്. ആത്മവിശ്വാസത്തോടെയും ശുഭാപ്തിവിശ്വാസത്തോടെയുമാണ് സർക്കാർ ഭാവിയെ സമീപിക്കുന്നത്. സാമൂഹ്യനീതിയോടുകൂടിയ സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക ഉത്തരവാദിത്വത്തോടുകൂടിയ ആധുനിക അടിസ്ഥാനസൗകര്യവും മാനുഷിക സഹാനുഭൂതിയോടുകൂടിയ സാങ്കേതിക പുരോഗതിയും അവസരസമത്വവും സമന്വയിപ്പിക്കുന്ന ഒരു പുതിയ കാലഘട്ടത്തിലെ കേരളം 'പുതുയുഗ കേരളം'' സൃഷ്ടിക്കുന്നത് സർക്കാർ വിഭാവനം ചെയ്യുന്നു.

വികസനം സാധാരണ ജനതയുടെ ജീവിതത്തെ സ്പർശിക്കേണ്ടതാണെന്ന് സർക്കാർ വിശ്വസിക്കുന്നു. ഭരണനിർവഹണം ഓഫീസുകളിലും ഫയലുകളിലും മാത്രമായി പരിമിതപ്പെടേണ്ടതല്ല.

ജനവിശ്വാസം ആർജ്ജിക്കുമ്പോൾ മാത്രമേ പൊതുസ്ഥാപനങ്ങൾ ശക്തമാകൂ. അതിനാൽ, സർക്കാരിന്റെ എല്ലാ വകുപ്പുകളും, ഉത്തരവാദിത്വം സംബന്ധിച്ച വ്യക്തമായ മാനദണ്ഡങ്ങൾ സ്വീകരിക്കും.

കേരളം എല്ലായ്പ്പോഴും മതനിരപേക്ഷതയുടെയും സാമൂഹ്യ ഐക്യത്തിന്റെയും ജനാധിപത്യമൂല്യങ്ങളുടെയും പ്രതീകമായി നിലകൊണ്ടിട്ടുണ്ട്. ഈ മൂല്യങ്ങളെ അങ്ങേയറ്റത്തെ പ്രതിജ്ഞാബദ്ധതയോടെ സർക്കാർ സംരക്ഷിക്കും. നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെയും, ജനാധിപത്യ പോരാട്ടങ്ങളിലൂടെയും കൂട്ടായ സാമൂഹ്യ മുന്നേറ്റത്തിലൂടെയുമാണ് കേരളത്തിന്റെ സാമൂഹിക പുരോഗതി കെട്ടിപ്പടുത്തിട്ടുള്ളത്. ഈ സാമൂഹികഘടന കാത്തുസൂക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ ഭാവിക്ക് അത്യന്താപേക്ഷിതമാണ്.

വികസനം ക്ഷേമവും വിരുദ്ധ ആശയങ്ങളല്ല. ക്ഷേമ പ്രവർത്തനങ്ങൾ സമൂഹത്തിലെ നിരാലംബരായ വിഭാഗങ്ങൾക്ക് സുരക്ഷയും അന്തസ്സും പ്രദാനം ചെയ്യുമ്പോൾ സാമ്പത്തിക പുരോഗതി അവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. നീതിപൂർവമല്ലാത്ത വികസനം അസമത്വം സൃഷ്ടിക്കുമ്പോൾ വികസനമില്ലാത്ത ക്ഷേമം സുസ്ഥിരമല്ലാതായിത്തീരുന്നു. അതിനാൽ, സന്തുലിതവും സമഗ്രവുമായ ഒരു വികസന മാതൃക സർക്കാർ പിൻതുടരും.

സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ച് സംബന്ധിച്ച സമഗ്രമായ ധവളപത്രം തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുക എന്നതായിരുന്നു സർക്കാരിന്റെ ആദ്യ തീരുമാനങ്ങളിലൊന്ന്. ബാധ്യതകളും തീർപ്പാക്കാതെയുള്ള പ്രതിബദ്ധതകളും സാമ്പത്തിക ബാധ്യതകളും ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ യഥാർഥ ധനസ്ഥിതിയെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് വ്യക്തത ഉണ്ടായിരിക്കണം. സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് വ്യക്തമായ ചിത്രം നൽകുന്നതിനും സുതാര്യവും ഉത്തരവാദിത്വപൂർണ്ണവുമായ സാമ്പത്തിക വീണ്ടെടുക്കൽ തന്ത്രത്തിന് അടിത്തറയിടുന്നതിനും വേണ്ടി ധവളപത്രം ജനങ്ങൾ മുമ്പാകെ സമർപ്പിക്കുന്നതാണ്.

> **സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ച് സംബന്ധിച്ച സമഗ്രമായ ധവളപത്രം തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുക എന്നതായിരുന്നു സർക്കാരിന്റെ ആദ്യ തീരുമാനങ്ങളിലൊന്ന്**

സംസ്ഥാനം ഇന്ന് ഗുരുതരമായ സാമ്പത്തിക വെല്ലുവിളികൾ നേരിടുകയാണ്. നിലവിലുള്ള ബാധ്യതകളും സാമ്പത്തിക ഞെരുക്കവും പൊതുധനകാര്യത്തിൽ കടുത്ത സമ്മർദ്ദം സൃഷ്ടിച്ചിട്ടുണ്ട്. ഈ യാഥാർഥ്യങ്ങളെ സത്യസന്ധതയോടും ഉത്തരവാദിത്വത്തോടുംകൂടി സർക്കാർ നേരിടും. അതേസമയം, ദരിദ്രർക്കും നിരാലംബർക്കും വേണ്ടി ക്ഷേമ പ്രവർത്തനങ്ങളിൽ വിട്ടുവീഴ്ച ചെയ്യുകയില്ല. സാമൂഹ്യസുരക്ഷാപെൻഷനുകൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസ സഹായം, ക്ഷേമപരിപാടികൾ എന്നിവ മുന്തിയ പരിഗണനയോടുകൂടി തുടരുന്നതാണ്.

ഇന്ത്യൻ ഫെഡറലിസത്തിന്റെ ചട്ടക്കൂടിനുള്ളിലെ കേരളത്തിന്റെഅവകാശങ്ങൾ,ഭാരതത്തിന്റെഭരണഘടനയുടെ നെടുംതൂണുകളിന്മേൽ സംരക്ഷിക്കപ്പെടേണ്ടതാണ്.



കേന്ദ്രസർക്കാരിൽ നിന്നും അവകാശപ്പെട്ട സാമ്പത്തിക വിഹിതവും, ന്യായവും നീതിയുക്തവുമായ പരിഗണനയും ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ ശക്തിപ്പെടുത്തും.

കേരളത്തിന്റെ ഭരണഘടനാപരവും സാമ്പത്തികവുമായ അവകാശങ്ങൾ ദൃഢമായി സംരക്ഷിക്കുന്നതിനോടൊപ്പം സഹകരണ ഫെഡറലിസത്തിലും കേന്ദ്രസർക്കാരുമായുള്ള ക്രിയാത്മകമായ ഇടപെടലുകളിലും സർക്കാർ ഉറച്ച് വിശ്വസിക്കുന്നു.

## ഇന്ദിരാ ഗ്യാരന്റി

സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗ്യാരന്റികൾ കേരളത്തിലെ ജനങ്ങളോടുള്ള അതിന്റെ സാമൂഹിക പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നു.

സർക്കാർ അധികാരമേറ്റ അതേദിവസം തന്നെ സംസ്ഥാനത്തുടനീളമുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കേരളത്തിലെ സ്ത്രീകൾക്ക് സൗജന്യ യാത്ര പ്രഖ്യാപിച്ചു.

പ്രതിമാസം 1000 രൂപ വീതം കോളേജ് വിദ്യാർഥിനികൾക്ക് അവരുടെ വിദ്യാഭ്യാസ സഹായമായി നൽകും.

അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ക്ഷേമപെൻഷൻ പ്രതിമാസം 3,000 രൂപയായി ഉയർത്തും.

'ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' പ്രകാരം കേരളത്തിലെ ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ.

സംരംഭകരാകാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് 5 ലക്ഷം രൂപ പലിശരഹിത വായ്പ.

മന്ത്രിസഭയുടെ ആദ്യ യോഗത്തിൽ തന്നെ, രാജ്യത്താദ്യമായി വയോജനങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ തീരുമാനിച്ചു.

## സ്വപ്ന പദ്ധതികൾ

കേരളത്തിന്റെ 600.15 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശം, 44 നദികൾ, 34 തടാകങ്ങൾ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ എന്നിവയുടെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് സംയോജിത വികസന പദ്ധതി നടപ്പിലാക്കും. സംസ്ഥാനത്തെ സംയോജിത തുറമുഖ കേന്ദ്രമാക്കി മാറ്റും. കേരളത്തിന്റെ വ്യോമയാന മേഖലയെ സമഗ്രമായി വികസിപ്പിക്കും. ദക്ഷിണേഷ്യയിലെ സിവിൽ വ്യോമയാനത്തിന്റെ പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് വ്യോമയാന അടിസ്ഥാന സൗകര്യ പദ്ധതികൾ വികസിപ്പിക്കും. പതിനായിരത്തിലധികം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ഉന്നത തലത്തിലുള്ള മത്സരക്ഷമത കൈവരാൻ പ്രാപ്തമാക്കുന്നതിന് സമഗ്ര പിന്തുണ നൽകും.

## കൃഷി വകുപ്പ്

കർഷക വരുമാനം മെച്ചപ്പെടുത്തുന്നതിനും സംഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും തറവില പുതുക്കുന്നതിനും നെല്ല്, തേങ്ങ, റബ്ബർ, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് സമയബന്ധിതവും ന്യായവുമായ വില ഉറപ്പാക്കുന്നതിനും നടപടി.

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് നഷ്ടപരിഹാര സംവിധാനങ്ങളും ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങളും ശക്തിപ്പെടുത്തും.

ഓരോ പഞ്ചായത്തിലും വനിതാ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി.

ഈ വർഷം വനിതാ കർഷക കൺസോർഷ്യം ആരംഭിക്കും.

സമഗ്ര മണ്ണ് പരിശോധന നയം അവതരിപ്പിക്കുകയും മണ്ണ്-പരിശോധന രജിസ്റ്റർ ആരംഭിക്കുകയും ചെയ്യും.

കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യഞ്ജന ഉൽപ്പാദനത്തിനായി മേഖല തിരിച്ചുള്ള പദ്ധതികൾ.

പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ സുഗന്ധവ്യഞ്ജന പാർക്കുകളും സംഭരണ കേന്ദ്രങ്ങളും പ്രോത്സാഹിപ്പിക്കും.

ജി.ഐ-ടാഗ് ചെയ്ത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വർധിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ.

ഡിജിറ്റൽ വിള സർവേകൾ പൂർണ്ണമാക്കും.

ഉപഭോക്തൃ വിലയിൽ കർഷകരുടെ പങ്ക് വർധിപ്പിക്കുന്നതിനായി ഡിജിറ്റൽ മാർക്കറ്റിങ് പ്ലാറ്റ്ഫോം.

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

ഡോക്ടറൽ ഗവേഷകർക്ക് വർധിപ്പിച്ച ഫെലോഷിപ്പുകൾ വിതരണം ചെയ്യും.

റിസർച്ച് കണ്ടിജൻസി ഗ്രാന്റുകൾ അനുവദിക്കും.

എളുപ്പത്തിൽ ലഭ്യമാകുന്ന പലിശ കുറഞ്ഞതുമായ വായ്പാ പദ്ധതികൾ രൂപപ്പെടുത്തും.

പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്ന വിശിഷ്ട വ്യക്തികളുടെയും സാമൂഹിക പരിഷ്കർത്താക്കളുടെയും പൈതൃകം

കല, സാഹിത്യം, സംസ്കാരം, നാട്ടറിവ്, ഗോത്ര സംസ്കാരം എന്നിവയുൾപ്പെടെയുള്ള പൈതൃക സമ്പത്തിനെ സംരക്ഷിക്കുന്നതിന് സംസ്ഥാന പ്ലാൻ ഫണ്ട് വിഹിതം വർധിപ്പിക്കും.

60 വയസ്സിന് മുകളിലുള്ള സാംസ്കാരിക പ്രവർത്തകർക്ക് പെൻഷനും ആരോഗ്യ ഇൻഷുറൻസും.

ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾ സ്ഥാപിക്കും, അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ കൂടുതൽ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കും.

പരമ്പരാഗത ജീവിതം, ചരിത്രം, കല, സംസ്കാരം എന്നിവ പ്രതിഫലിപ്പിക്കുന്ന ലിവിങ് മ്യൂസിയം സ്ഥാപിക്കും.

## ദേവസ്വം വകുപ്പ്

പ്രധാന ക്ഷേത്രങ്ങളെ ഏകീകൃത തീർഥാടന സർക്യൂട്ടായി ബന്ധിപ്പിക്കുന്ന മലബാർ ടെമ്പിൾ പിൽഗ്രിം പ്രോജക്ട് (Malabar Temple Pilgrim Project) നടപ്പിലാക്കും.

എല്ലാ ദേവസ്വം സ്ഥാപനങ്ങളിലും ഇക്കോഫ്രണ്ട്ലി ആക്സിഡന്റ് സേഫ് യാത്ര-ഈസി (EASY) ദർശൻ പ്രോജക്ട് നടപ്പിലാക്കും.

## വിദ്യാഭ്യാസ വകുപ്പ്

എല്ലാ ജില്ലകളിലെയും പ്ലസ് ടു സീറ്റുകളുടെ എണ്ണം ആവശ്യകതയുടെ അടിസ്ഥാനത്തിൽ വർധിപ്പിക്കും.

> **ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭരണസംബന്ധവും ഭരണ നിർവഹണപരവുമായ പ്രശ്നങ്ങൾ ഏകോപിപ്പിക്കുന്നതിന് പരമോന്നത സമിതിയായി അക്കാദമിക് സിൻഡിക്കേറ്റ് രൂപീകരിക്കും**

സംരക്ഷിക്കുന്നതിനായി പഠന, ഗവേഷണ സ്ഥാപനങ്ങൾ.

## സഹകരണ വകുപ്പ്

നിക്ഷേപകർക്കും വായ്പ എടുക്കുന്നവർക്കും സഹകാരികൾക്കും ആനുകൂല്യങ്ങൾ വർധിപ്പിക്കുന്ന സംവിധാനങ്ങൾ 1969-ലെ കേരള സഹകരണ സംഘം ആക്ടിൽ ഉൾപ്പെടുത്തും.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാണെന്ന് ഉറപ്പാക്കാൻ സഹകരണ വിജിലൻസ് വിങിനെ ശക്തിപ്പെടുത്തും.

## സാംസ്കാരിക വകുപ്പ്

ചലച്ചിത്രനിർമ്മാണം, ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്, ഡിജിറ്റൽ മീഡിയ, കണ്ടെന്റ് ക്രിയേഷൻ ഇൻഡസ്ട്രി എന്നിവയെ ഒരൊറ്റ കാമ്പസിൽ കൊണ്ടുവരുന്ന മീഡിയ സിറ്റിയും ക്രിയേറ്റീവ് ഇൻഡസ്ട്രീസ് ഹബ്ബും വികസിപ്പിക്കും.

ആനിമേഷനെയും വി.എഫ്.എക്സ്. മേഖലയെയും പ്രത്യേകമായി പിന്തുണയ്ക്കും.

പരമ്പരാഗത കലാരൂപങ്ങൾക്കും കലാകാരന്മാരുടെ ക്ഷേമത്തിനും ഗ്രാമീണ ലൈബ്രറികൾക്കും വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കും.

അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രാഗത്ഭ്യമുള്ള വിദ്യാർഥികളെ കേരളത്തിൽ നിലനിർത്തുന്നതിനും സംസ്ഥാനത്ത് ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭരണസംബന്ധവും ഭരണ നിർവഹണപരവുമായ പ്രശ്നങ്ങൾ ഏകോപിപ്പിക്കുന്നതിന് പരമോന്നത സമിതിയായി അക്കാദമിക് സിൻഡിക്കേറ്റ് രൂപീകരിക്കും.

വിദ്യാർഥികളെയും വ്യവസായത്തെയും ബന്ധിപ്പിക്കുന്ന സംസ്ഥാന വ്യാപക അപ്രന്റീസ്ഷിപ്പ് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം വികസിപ്പിക്കും.

വിദ്യാർഥികൾക്കിടയിൽ ശാസ്ത്രാവബോധം വളർത്തുന്നതിന് ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ.

'സെമസ്റ്റർ ഇൻ കേരള' പാഠ്യപദ്ധതി ആവിഷ്കരിക്കും, അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തും.

## പരിസ്ഥിതി വകുപ്പ്

ക്ലീൻ എനർജി ഇനിഷ്യേറ്റീവ്സ് (Clean Energy Initiatives), ഇലക്ട്രിക് മൊബിലിറ്റി, പാരിസ്ഥിതിക ഉത്തരവാദിത്വമുള്ള വ്യാവസായിക വികസനം എന്നിവ പ്രോത്സാഹിപ്പിക്കും.

കാലാവസ്ഥാപ്രതിരോധം, മാലിന്യ സംസ്കരണം, ജല സംരക്ഷണം, നദീ സംരക്ഷണം, സുസ്ഥിര നഗരാസൂത്ര



**മുഖ്യമന്ത്രി വി ഡി സതീശനും പ്രതിപക്ഷ നേതാവ് പിണറായി വിജയനും ചേർന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനെ ചെയറിലേക്ക് ആനയിക്കുന്നു**

ണം എന്നിവയ്ക്ക് എല്ലാ ബജറ്റുകളിലും എല്ലാ വികസന പരിപാടികളിലും മുൻഗണന.

അക്കാദമിക് പാഠ്യപദ്ധതിയിൽ പരിസ്ഥിതിക്കും സുസ്ഥിരതയ്ക്കും ഊന്നൽ.

## എക്സൈസ് വകുപ്പ്

മെച്ചപ്പെട്ട നിർവഹണ ശേഷി, ഡിജിറ്റൽ നിരീക്ഷണ ഉപകരണങ്ങൾ, ശക്തിപ്പെടുത്തിയ ഇന്റലിജൻസ് ശൃംഖലകൾ, സൈബർ മോണിറ്ററിങ് സമ്പ്രദായങ്ങൾ എന്നിവയിലൂടെ മയക്കുമരുന്നിന്റെയും നിയമവിരുദ്ധ പദാർഥങ്ങളുടെയും വിതരണ ശൃംഖലകളെ തടസ്സപ്പെടുത്തുന്നതിനും സംഘടിത മയക്കുമരുന്ന് ശൃംഖലകളെ ഇല്ലാതാക്കുന്നതിനും പ്രത്യേക പരിശീലനം നൽകി വകുപ്പിനെ ആധുനികവൽക്കരിക്കും.

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനെതിരായ നയം മൂന്ന് തുല്യ സ്തംഭങ്ങളിൽ അധിഷ്ഠിതമായിരിക്കും - വിതരണ ശൃംഖലകളെ ഇല്ലാതാക്കുന്നതിനുള്ള ശക്തമായ നിർവഹണം, ആവശ്യകത കുറയ്ക്കുന്നതിന് സുസ്ഥിരമായ അവബോധവും സ്വഭാവമാറ്റം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, ഇതിനകം ബാധിച്ചവരെ പിന്തുണയ്ക്കാൻ പുനരധിവാസ കേന്ദ്രീകൃത പൊതുജനാരോഗ്യ സമീപനം.

വർധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ദുരുപയോഗ ഭീഷണിയിൽനിന്നും കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ. ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാനവ്യാപക ലഹരിവിരുദ്ധ ദൗത്യം.

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനെതിരെ ശക്തവും സമഗ്രവുമായ നയം പിന്തുടരും. ഘട്ടം ഘട്ടമായി മദ്യ ഉപഭോഗം കുറയ്ക്കുക ലക്ഷ്യം.

## ധനകാര്യ വകുപ്പ്

പൊതുവായ ധനകാര്യത്തെ സുതാര്യതയോടും ധനസംബന്ധമായ ഉത്തരവാദിത്വത്തോടും, ജനങ്ങളുടെ ക്ഷേമത്തിനായുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധതയോടും കൂടി സമീപിക്കും.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സമഗ്രമായ ധവളപത്രം തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ചു.

## മത്സ്യബന്ധന വകുപ്പ്

മിഷൻ സമുദ്രയ്ക്ക് കീഴിൽ യാനങ്ങൾ നവീകരിക്കും.

ജനകീയ മത്സ്യകൃഷിയുടെ വ്യാപ്തി, വനാമി ചെമ്മീൻ കൃഷി, കടൽജീവി കൃഷി എന്നിവ വിപുലീകരിക്കും.



വിത്ത് പര്യാപ്തത, നഷ്ടസാധ്യത കുറയ്ക്കുന്നതിന് കർഷകർക്ക് വിള ഇൻഷുറൻസ്.

കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പുതിയ പരിരക്ഷ, മാരകമായ രോഗങ്ങൾക്കുള്ള ചികിത്സ തുടരൽ, പീലിങ് തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി ഉൾപ്പെടെ ഗ്രൂപ്പ് ഇൻഷുറൻസ്, ക്ഷേമ പെൻഷനുകൾ, സേവിങ്സ്-കം-റിലീഫ് സപ്പോർട്ട് എന്നിവ വിപുലീകരിക്കും.

നിക്ഷേപ താൽപര്യങ്ങളെ പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനായി ബ്ലൂ ഇക്കോണമി സെല്ലും കേരള-ഇ.യു. ജോയിന്റ് വർക്കിങ് ഗ്രൂപ്പും.

തീരദേശ പരിസ്ഥിതി വികസന സമിതികൾ മുഖേന പെസ്കാ ടൂറിസത്തെ പ്രോൽസാഹിപ്പിക്കും.

## ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്

അവശ്യവസ്തുക്കളുടെ കൃത്രിമ വിലക്കയറ്റം തടയുന്നതിനായി വില നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

തിരഞ്ഞെടുത്ത സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ആധുനികവൽക്കരിക്കും.

സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ/റേഷൻ കടകൾ എന്നിവയുടെ എണ്ണം വർധിപ്പിക്കും.

## വനം വന്യജീവി വകുപ്പ്

മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് കാര്യക്ഷമവും മാനുഷികവുമായ നടപടികൾ സ്വീകരിക്കും.

പഴയ റിസർവ് - വന വിജ്ഞാപനങ്ങൾ മൂലം ബാധിക്കപ്പെട്ട കർഷകരുടെ ഭൂമിയിന്മേലുള്ള അവകാശം സംരക്ഷിച്ചുകൊണ്ട് കാർഷിക ഭൂമിയും വനഭൂമിയും തമ്മിലുള്ള അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടി ഏറ്റെടുക്കും.

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും സമാധാനപരമായ സഹവർത്തിത്വം ഉറപ്പുവരുത്തുന്നതിനുമായി നിയന്ത്രണവിധേയമാക്കൽ, ലഘൂകരിക്കൽ, നഷ്ടപരിഹാരം നൽകൽ എന്നിങ്ങനെയുള്ള ത്രിതല തന്ത്രത്തിലൂടെ കൈകാര്യം ചെയ്യും.

വന്യജീവികളുടെ എണ്ണത്തിലുണ്ടാകുന്ന വർധന കൊണ്ടാണോ വന ആവാസ മേഖലയ്ക്കുള്ളിലെ ഭക്ഷണസ്രോതസ്സുകളുടെ ദൗർബല്യം അല്ലെങ്കിൽ കുടിവെള്ളക്ഷാമം കൊണ്ടാണോ ഇത്തരം സംഭവം ഉണ്ടാകുന്നത് എന്നുള്ളത് നിർണ്ണയിക്കുന്നതിന് വിശദമായ പഠനങ്ങൾ.

## ആരോഗ്യ വകുപ്പ്

മതിയായ ശ്രദ്ധ ലഭിക്കാതിരുന്ന പ്രധാന പൊതുജനാരോഗ്യ സ്ഥാപനങ്ങളെ പുനഃസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന് മുന്തിയ പരിഗണന.

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, മരുന്നുകളുടെ ലഭ്യത, മനുഷ്യവിഭവശേഷി പിന്തുണ എന്നിവ ഉറപ്പാക്കും.

എല്ലാ തലങ്ങളിലുമുള്ള ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളെയും ആധുനികവൽക്കരിക്കും.

ജീവിതശൈലി രോഗങ്ങൾ, ക്യാൻസർ പരിചരണം, മാതൃ-ആരോഗ്യം, ശിശു-പോഷണം, സാമൂഹ്യ അധിഷ്ഠിത ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ, പ്രതിരോധ ആരോഗ്യ സംരക്ഷണം, മാനസികാരോഗ്യ സേവനങ്ങൾ, പാലിയേറ്റീവ് പരിചരണം, വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകും.

ഗുണമേന്മയുള്ളതും ചെലവ് കുറഞ്ഞതുമായ ആരോഗ്യ സേവനങ്ങളുടെ പ്രധാന കേന്ദ്രമായി കേരളത്തെ ഉയർത്തിക്കൊണ്ട് വരുന്നതോടൊപ്പം, മെഡിക്കൽ വിദ്യാഭ്യാസം, നഴ്സിങ് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണ രംഗത്തെ ഗവേഷണം എന്നിവ ശക്തിപ്പെടുത്തും.

## ആഭ്യന്തര വകുപ്പ്

മയക്കുമരുന്ന് ശൃംഖല പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നതിന്

**എല്ലാ പൊതു ഓഫീസുകളിലും വ്യാവസായിക സ്ഥാപനങ്ങളിലും ഐ.ടി. പാർക്കുകളിലും 50-ലധികം ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമായ ഡേ കെയർ സെന്ററുകളും ക്രഷുകളും**



**ഇരുപത്തിനാലാമത് മന്ത്രിസഭയുടെ ആദ്യയോഗത്തിൽനിന്ന്**

കേരള പോലീസിന്റെ പുതിയ ദൗത്യം 'ഓപ്പറേഷൻ തൂഫാൻ'.

അന്തർ-സംസ്ഥാന വിതരണശൃംഖലകൾ വിഘടിപ്പിക്കുന്നതിനും ആസ്തികൾ സ്ഥിരമായി മരവിപ്പിക്കുന്നതിനും എൻഡിപിഎസ് ആക്ട്, പിഐടിഎൻഡിപിഎസ് ആക്ട് എന്നിവ പോലുള്ള സ്റ്റാറ്റ്യൂട്ടറി നിയമങ്ങൾ ആയുധമാക്കും.

പ്രൊഫഷണലിസം, സുതാര്യത, ഉത്തരവാദിത്വം, പൗര-സൗഹൃദ പോലീസിങ് എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് പോലീസ് സംവിധാനം ആധുനികവൽക്കരിക്കും

ഓൺലൈൻ മയക്കുമരുന്ന് ശൃംഖലകളുടെ സൈബർ നിരീക്ഷണം ഉൾപ്പെടെ വിദഗ്ധ എൻഫോഴ്സ്മെന്റിനായി പ്രത്യേക സ്റ്റേറ്റ് നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് ബ്യൂറോ സ്ഥാപിക്കും. എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം, പുനരധിവാസം എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ത്രിമുഖ കർമ്മ പദ്ധതി നടപ്പിലാക്കും.

വർധിച്ചുവരുന്ന ഡിജിറ്റൽ തട്ടിപ്പ് ഭീഷണി പ്രതിരോധിക്കുന്നതിനായി കർശനവും ശാസ്ത്രീയവുമായ നടപടികൾ സ്വീകരിക്കും.

## വിവര സാങ്കേതികവിദ്യാ വകുപ്പ്

'ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി വകുപ്പിനെ' 'കേരള ടെക്' എന്ന പുതിയ ബ്രാൻഡോടുകൂടി 'ഐ.ടി, ഫ്യൂച്ചർ ടെക്നോളജീസ് ആൻഡ് സ്റ്റാർട്ടപ്പ് വകുപ്പ്' എന്ന് പുനർനാമകരണം ചെയ്യും.

'കേരള I.T മിഷനെ', കേരള AI മിഷനും കേരള എമർജിങ് ടെക്നോളജീസ് മിഷനും ഉൾപ്പെടുത്തിക്കൊണ്ട് 'ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ' എന്ന് മാറ്റം വരുത്തും.

സെമികണ്ടക്ടർ ഇനിഷ്യേറ്റീവിനെ മുന്നോട്ട് നയിക്കാൻ 'ദി ഇലക്ട്രോണിക്സ് ആൻഡ് സെമികണ്ടക്ടർ മിഷനെ'ചുമതലപ്പെടുത്തും.

ഡിജിറ്റൽ സാങ്കേതിക വിദ്യകളും എഐയും ഉപയോഗിച്ച് ഡിജിറ്റൽ ഗവൺമെന്റ് മാതൃക രൂപീകരിക്കും.

ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇലക്ട്രോണിക്സ്, ബയോടെക്നോളജി, ടൂറിസം, ലോജിസ്റ്റിക്സ്, ക്രിയേറ്റീവ് ഇൻഡസ്ട്രീസ്, നോളജ് എക്കോണമി എന്നിവയ്ക്ക് ഉയർന്ന നയപരമായ മുൻഗണന നൽകും.

നിലവിലുള്ള ഐടി പാർക്കുകൾ വിപുലീകരിക്കുകയും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.



## വ്യവസായ വകുപ്പ്

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉപയോഗിച്ച് സംസ്ഥാനത്ത് ലാൻഡ് ബാങ്കിന്റെ രൂപീകരണത്തിന് മുൻഗണന നൽകും.

ഉയർന്ന മൂല്യമുള്ള നിക്ഷേപങ്ങൾ ലക്ഷ്യമിട്ട് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിക്കൽ, ഇന്റഗ്രേറ്റഡ് ഡിജിറ്റൽ സിംഗിൾ വിൻഡോ ക്ലിയറൻസ് പ്ലാറ്റ്ഫോമായി കെസ്വിഫ്റ്റിന്റെ ആധുനികവൽക്കരണം, വേഗതയിലും സമയബന്ധിതവുമായ അനുമതിക്കായി കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ശാക്തീകരണം, മെച്ചപ്പെടുത്തിയ പ്രോജക്റ്റ് ഫെസിലിറ്റേഷൻ സംവിധാനം എന്നിവയിലൂടെ നിക്ഷേപകരുടെ ആത്മവിശ്വാസം ശക്തിപ്പെടുത്തും.

സമഗ്രമായ വ്യാവസായികവൽക്കരണം ഉറപ്പാക്കാൻ എംഎസ്എംഇ കൾക്കും പരമ്പരാഗത മേഖലകൾക്കും നൽകുന്ന പിന്തുണയോടൊപ്പം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബയോ ടെക്നോളജി, മെഡിക്കൽ ഉപകരണങ്ങൾ, ഗ്രീൻ എനർജി, ഇലക്ട്രോണിക്സ് ആൻഡ് സ്പേസ് ടെക്നോളജി എന്നീ വളർന്നുവരുന്ന മേഖലകളുടെ ഉന്നമനത്തിനും കേന്ദ്രീകൃത ശ്രമങ്ങൾ ഏറ്റെടുത്തുവരുന്നു.

ഇഎസ്ജി പിന്തുണയുള്ള വ്യാവസായിക ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന് പ്രതിജ്ഞാബദ്ധമായിരിക്കും.

## തൊഴിലും നൈപുണ്യവും വകുപ്പ്

അതിഥി തൊഴിലാളികൾക്ക് കാര്യക്ഷമവും സുഗമവുമായ പിന്തുണ ലഭ്യമാകുന്നതിന്, ബന്ധപ്പെട്ട വകുപ്പുകൾക്കിടയിൽ ഏകോപനവും എല്ലാ വകുപ്പുതല സേവനങ്ങളുടെ സംയോജനവും ഉറപ്പാക്കി, ഒരു ഏകീകൃത പോർട്ടൽ വഴി രജിസ്ട്രേഷൻ പ്രക്രിയ നടപ്പിലാക്കും

വിവിധ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകളിലുടനീളം ഉൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കും.

ഹബ് ആൻഡ് സ്പോക്ക് മാതൃകയിലൂടെ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകളെ ആധുനികീകരിക്കും.

എല്ലാ മേഖലയിലുമുള്ള തൊഴിലാളികൾക്ക് വ്യക്തിയധിഷ്ഠിത, ബഹുഭാഷാ, തൊഴിൽ സുരക്ഷാ ആരോഗ്യ പരിശീലനം നൽകുന്നതിന് ഒരു എഐ ഇന്റഗ്രേറ്റഡ് വെർച്വൽ ട്രെയിനിങ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കും.

## തദ്ദേശ സ്വയംഭരണ വകുപ്പ്

കൂടുതൽ സാമ്പത്തിക സഹായവും വർധിപ്പിച്ച അധികാര കൈമാറ്റവും ശാക്തീകരിക്കപ്പെട്ട വികേന്ദ്രീകൃതാസൂത്രണവും വഴി വികേന്ദ്രീകൃത ഭരണസംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തും.

കേരളത്തിന്റെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ജനാധിപത്യ ശക്തി എല്ലാ കേരളീയരുടെയും ദൈനംദിന അനുഭവത്തിൽ ഗണ്യമായ പുരോഗതിയിലേക്ക് നയിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് പുനഃസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

## ന്യൂനപക്ഷ ക്ഷേമ വകുപ്പ്

ഹജ്ജ് തീർത്ഥാടനം സുഗമമാക്കുന്നതുമായി ബന്ധപ്പെട്ട ഭരണ സംവിധാനങ്ങൾ, വഖഫ് ആസ്തികളുടെ സംരക്ഷണവും പരിപാലനവും, വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണം എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകും.

## നോർക്ക (കേരളീയ പ്രവാസി കാര്യ വകുപ്പ്)

സംസ്ഥാനത്തിന്റെ വളർച്ചയിലും പുരോഗതിയിലും കേരളത്തിന്റെ പ്രവാസി സമൂഹം നൽകിയിട്ടുള്ള വലിയ സംഭാവനയെ ആഴത്തിൽ വിലമതിക്കുകയും അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും നിക്ഷേപ പങ്കാളിത്തത്തിനുമുള്ള പദ്ധതികൾ ശക്തിപ്പെടുത്തുന്നത് തുടരുകയുംചെയ്യും.

പ്രവാസി ജോലിക്കാർക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർ

**മയക്കുമരുന്ന് ശൃംഖല പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നതിന് കേരള പോലീസിന്റെ പുതിയ ദൗത്യം 'ഓപ്പറേഷൻ തൂഫാൻ'**

ത്തനങ്ങളും മടങ്ങി വന്നിട്ടുള്ള വിദേശവാസികൾക്ക് വേണ്ടിയുള്ള പുനരധിവാസ പദ്ധതികളും കേരളത്തിന്റെ വികസനത്തിൽ ഫലപ്രദമായ പ്രവാസി നിക്ഷേപത്തിന് ഘടനാപരമായ മാർഗങ്ങൾ വികസിപ്പിക്കുകയും കൂടുതൽ പ്രാപ്യമാക്കുകയുംചെയ്യും.

## ഊർജ്ജ വകുപ്പ്

സൗരോർജ്ജം, കാറ്റിൽ നിന്നുള്ള വൈദ്യുതി, മറ്റ് മാർഗങ്ങൾ എന്നിവയിലൂടെ വൈദ്യുതോൽപാദനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും അതുവഴി വൈദ്യുതോൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുകയും ചെയ്യും

പുരപ്പുറ സൗരോർജ്ജ സംവിധാനത്തിന്റെ എണ്ണം വർധിക്കുന്നതിനാൽ വൈദ്യുത ലൈൻ തിരക്ക് പരിഹരിക്കുന്നതിന് വിതരണ ട്രാൻസ്ഫോർമറുകളിൽ കപ്പാസിറ്റി ബാറ്ററി സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.

വൈദ്യുത ചാർജ്ജിങ് സ്റ്റേഷനുകളെ പ്രാദേശിക സൗരോർജ്ജ പ്ലാന്റുകളുമായും ബാറ്ററി-സ്റ്റോറേജ് സംവിധാനങ്ങളുമായും ബന്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കും

പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽ സ്വാഭാവികമായി ഇടവിട്ടുണ്ടാകുന്ന അപര്യാപ്തത പരിഹരിക്കുന്നതിനും പീക്ക് ഡിമാൻഡ് നേരിടുന്നതിനുമായി കൂടുതൽ മെച്ചപ്പെട്ട ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾസ്ഥാപിക്കും.

ന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കും.

തോട്ടഭൂമിയുടെ സ്വാഭാവിക തരം സംരക്ഷിച്ചുകൊണ്ട് വൈവിധ്യം അനുവദിക്കുന്നതിന് ഭേദഗതികൾ അവതരിപ്പിക്കും.

ഭൂപരിവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണനിയമം സമഗ്രമായി പരിഷകരിക്കും. ഭൂസംബന്ധമായ എല്ലാ നിയമങ്ങളും പുനഃപരിശോധിക്കുന്നതിനായി സർക്കാർ കമ്മീഷൻ രൂപീകരിക്കും.

വകുപ്പിനെ സമ്പൂർണ്ണ ഡിജിറ്റൽ, പൗര-കേന്ദ്രീകൃത സംവിധാനമായി രൂപാന്തരപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകും.

എല്ലാ കേരളീയർക്കും ഭൂരേഖകളിലേക്കും എല്ലാ അനുബന്ധ സർക്കാർ സേവനങ്ങളിലേക്കും സുരക്ഷിതവും സുതാര്യവും വേഗതയിലുള്ളതുമായ ലഭ്യതയ്ക്ക്, പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യപ്പെട്ട ഭൂഭരണ സംവിധാനം വിഭാവനം ചെയ്യുന്നു.

## പട്ടികജാതി വികസനം

- ലൈഫ് മിഷന്റെ കീഴിലുള്ള പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവന സഹായ ചട്ടക്കൂടിന്റെ സമഗ്ര പരിവർത്തനം

> **പുരപ്പുറ സൗരോർജ്ജ സംവിധാനത്തിന്റെ എണ്ണം വർധിക്കുന്നതിനാൽ വൈദ്യുത ലൈൻ തിരക്ക് പരിഹരിക്കുന്നതിന് വിതരണ ട്രാൻസ്ഫോർമറുകളിൽ കപ്പാസിറ്റി ബാറ്ററി സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും**

പിഴവുകൾ കാലേകൂട്ടി കണ്ടെത്തുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനും സമയോചിതമായി തീരുമാനമെടുക്കുന്നതിന് സഹായകരമാകുന്ന പ്രെഡിക്റ്റീവ് മെയിന്റനൻസിനായി കൃത്രിമ ബുദ്ധി, ഇൻഡസ്ട്രിയൽ ഇന്റർനെറ്റ് ഓഫ് തിങ്സ് പോലുള്ള ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും.

## പൊതുമരാമത്ത് വകുപ്പ്

പൊതു-സ്വകാര്യ പങ്കാളിത്തങ്ങളുടെ പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തി, ലഭ്യമായ ഏറ്റവും നല്ല സാങ്കേതിക വിദ്യ ഉപയോഗിച്ച് ബൈപ്പാസുകളെ നാലുവരിപ്പാതയാക്കി വരുമാനം ലഭിക്കുന്ന രീതിയിൽ വികസിപ്പിക്കും

വകുപ്പ് ഏറ്റെടുക്കുന്ന മരാമത്ത് പണികളിലെല്ലാം തന്നെ ഊർജ്ജസംരക്ഷണത്തിനും പൈതൃക സംരക്ഷണത്തിനും മുന്തിയ പരിഗണന നൽകി ഹരിത, പരിസ്ഥിതിസൗഹൃദ കെട്ടിടങ്ങൾക്ക് മുൻഗണനനൽകും.

## റവന്യൂ വകുപ്പ്

നിലവിലുള്ള എല്ലാ ഭൂനിയമങ്ങളും കാലാനുസൃതമായി നവീകരിക്കുംനിസ്സാര കാരണങ്ങളിന്മേൽ കൃഷിഭൂമിയിൽ നിന്ന് കർഷകരെ ഇറക്കിവിടുന്നതിനുള്ള ശ്രമങ്ങൾക്ക് ശാശ്വത പരിഹാരമായി "ഉപാധികളില്ലാത്ത ഉടമസ്ഥാവകാശം (പട്ടയങ്ങൾ)" എന്ന ആശയം നടപ്പിലാക്കും.

തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയ

- പട്ടികജാതി യുവാക്കളെയും സ്ത്രീകളെയും മറ്റുള്ളവരെയും ശാക്തീകരിക്കുന്നതിനായി 'തൊഴിലും സംരംഭകത്വവും' കേന്ദ്രീകരിച്ച പുതുക്കിയ ദൗത്യം
- പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമഗ്ര നവീകരണം

## പട്ടികവർഗ വികസന വകുപ്പ്

- 2006-ലെ പട്ടിക ഗോത്രവർഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് പൂർണ്ണമായി നടപ്പിലാക്കും
- ഗോത്രഭൂമി തുടർ കൈമാറ്റം തടയുന്നതിന് ഉറച്ച നടപടികൾ
- മുടങ്ങിക്കിടക്കുന്ന എല്ലാ വ്യക്തിഗത വനാവകാശവാദങ്ങളും സാമൂഹിക വനാവകാശ വാദങ്ങളും തീർപ്പാക്കുന്നതിന് സമയബന്ധിത ദൗത്യം
- പട്ടിക ഗോത്രവർഗ കുടുംബങ്ങൾക്കുവേണ്ടി ഭവന പദ്ധതികൾ. ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ വാസസ്ഥലങ്ങൾ പുനർനിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി.
- വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർധിപ്പിച്ച് പരിഷ്കരിച്ച ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ സമയബന്ധിത വിതരണം

- പട്ടികജാതി/പട്ടികഗോത്രവർഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം നിർദ്ദിഷ്ട മാനദണ്ഡങ്ങളിൽ കുറവായിട്ടുള്ള മേഖലകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ്
- പട്ടികജാതി/പട്ടികഗോത്രവർഗ സംരംഭകർക്കുള്ള വായ്പാ സഹായം വർധിപ്പിക്കും
- വകുപ്പിന്റെ കീഴിലുള്ള അധിക കടബാധ്യതയിൽപ്പെട്ട സഹകരണ സംഘങ്ങളുടെ ബാധ്യതകൾ പരിഹരിക്കും.
- ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി/പട്ടികഗോത്രവർഗ വിഭാഗങ്ങൾക്ക് ജനസംഖ്യയ്ക്ക് ആനുപാതികമായി സംവരണം

## സാമൂഹിക നീതി

- മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പുതിയ വകുപ്പ്
- സംസ്ഥാനത്തെ എല്ലാ നഗരങ്ങളും ഘട്ടംഘട്ടമായി വയോജന സൗഹൃദമാക്കും മാറ്റും.
- 'വയോമിത്രം' പദ്ധതി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും.
- മുതിർന്ന പൗരന്മാർക്ക് നിയമസഹായം, ആരോഗ്യപരിരക്ഷ, സംരക്ഷണസേവനങ്ങൾ എന്നിവ നൽകുന്നതിനായി 'കെയർ കാബിൻ' പദ്ധതി. എല്ലാ കളക്ടറേറ്റുകളിലും സപ്പോർട്ട് സെന്ററുകൾ
- വർധിച്ചു വരുന്ന കോഗ്നിറ്റീവ് ഇംപെയർമെന്റ്, ഡിമൻഷ്യ എന്നിവ പരിഹരിക്കുന്നതിനായി സ്മൃതി കഫേകളും ഡിമൻഷ്യ ഡേ കെയർ സെന്ററുകളും സ്പെഷ്യലൈസ്ഡ് മെമ്മറി ക്ലിനിക്കുകളും
- ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാന നയം - 2015 പരിഷ്കരിക്കും.
- സംസ്ഥാനവ്യാപകമായി ഒരു ഭിന്നശേഷി സെൻസസും സമഗ്രമായ ഓൺലൈൻ രജിസ്ട്രിയും

## കായികവും യുവജനകാര്യവും

- കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും
- കായിക പരിശീലന കേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിലുള്ള പരിശീലനം, കായിക ശാസ്ത്ര പിന്തുണ, മത്സരാധിഷ്ഠിത പരിശീലന അന്തരീക്ഷം എന്നിവ നൽകുന്നതിന് പ്രാപ്തിയുള്ള ശ്രേഷ്ഠതലത്തിലുള്ള ഉയർന്ന പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളായി ഉയർത്തും

## വിനോദസഞ്ചാരം

- ഉത്തരവാദിത്തമുള്ള സ്വകാര്യ പങ്കാളിത്തവും സുസ്ഥിരമായ അടിസ്ഥാനസൗകര്യ വികസനവും പ്രോത്സാഹിപ്പിക്കുന്ന നിക്ഷേപ സൗഹൃദനയം
- മെഡിക്കൽ ടൂറിസം, വെൽനെസ്സ് ടൂറിസം, ഇക്കോ ടൂറിസം, ഡെസ്റ്റിനേഷൻ അധിഷ്ഠിത ടൂറിസം സർക്യൂട്ടുകൾ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ
- കേരളത്തിന്റെ സാംസ്കാരിക പൈതൃകവും കലാപാരമ്പര്യങ്ങളും വിനോദസഞ്ചാര മേഖലയുമായി സംയോജിപ്പിച്ചിക്കുന്നതിലൂടെ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും നേരിട്ട് പ്രയോജനം

## ഗതാഗത വകുപ്പ്

- നികുതി പിരിവ് വർധിപ്പിക്കാൻ അതിർത്തി ചെക്ക്-പോസ്റ്റുകൾക്ക് എ.എൻ.പി.ആർ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) സാങ്കേതികവിദ്യ
- പൊതു ഗതാഗതവും ഷെയേർഡ് ട്രാൻസ്പോർട്ട് നെറ്റ്‌വർക്കുകളും ജനകീയമാക്കും.
- റോഡ് സുരക്ഷയ്ക്ക് ഡാറ്റാ അധിഷ്ഠിത ഇടപെടലുകളും ആധുനിക സാങ്കേതിക വിദ്യയും.

## ജലവിഭവ വകുപ്പ്

- സുസ്ഥിരമായ ജല ഉപഭോഗം, കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജലഗുണനിലവാരം മെച്ചപ്പെടുത്തൽ, സംയോജിത ജലവിഭവ മാനേജ്മെന്റ് എന്നിവയ്ക്കായി പുതിയ ജലനയം.
- തടങ്ങളിലെ ജലമാനേജ്മെന്റിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വാട്ടർ ക്രെഡിറ്റുകൾ.
- എല്ലാവർക്കും ഗുണമേന്മയുള്ള കുടിവെള്ളം തടസ്സമില്ലാതെ വിതരണം

> **സ്കൂൾ വിദ്യാർഥിനികൾക്ക് മാസത്തിൽ 3 ദിവസം വരെ ആർത്തവ അവധി. അവർ പഠനത്തിൽ പിന്നിലാകാതിരിക്കാൻ വാരാന്ത്യത്തിൽ ക്യാച്ച് അപ് ക്ലാസ്സുകൾ**

- കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പുതിയ ലബോറട്ടറികൾ

## വനിതാ ശിശുവികസന വകുപ്പ്

- എല്ലാ പൊതു ഓഫീസുകളിലും വ്യാവസായിക സ്ഥാപനങ്ങളിലും ഐ.ടി. പാർക്കുകളിലും 50-ലധികം ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമായ ഡേ കെയർ സെന്ററുകളും ക്രഷുകളും.
- വിദ്യാർഥിനികളോടുള്ള പ്രതിബദ്ധത - 'മെൻസ്ട്രൽ ഡിഗ്നിറ്റി'
- സ്കൂൾ വിദ്യാർഥിനികൾക്ക് മാസത്തിൽ 3 ദിവസം വരെ ആർത്തവ അവധി. അവർ പഠനത്തിൽ പിന്നിലാകാതിരിക്കാൻ വാരാന്ത്യത്തിൽ ക്യാച്ച് അപ് ക്ലാസ്സുകൾ.
- കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ 'അനാഥ രഹിത' സംസ്ഥാനമാക്കി മാറ്റാൻ 'അഗതി-അനാഥ രഹിത കേരളം' സംരംഭം
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തുല്യ വേതനം
- എല്ലാ പ്രധാന പട്ടണങ്ങളിലും പൊതുവിശ്രമമുറികൾ
- അസംഘടിത മേഖലയിൽ സ്ത്രീകൾക്ക് ആറ് മാസത്തെ പ്രസവാവധി ■

**കേരളത്തിന്റെ സാമ്പത്തിക സ്ഥിതി എവിടെയാണ് നിൽക്കുന്നത്? വികസന നേട്ടങ്ങൾക്കൊപ്പം സാമ്പത്തിക വെല്ലുവിളികളും സംസ്ഥാനത്തെ എങ്ങനെ ബാധിക്കുന്നു? ഈ ചോദ്യങ്ങൾക്ക് കണക്കുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ മറുപടി തേടുകയാണ് പുതിയ ധവളപത്രം. സംസ്ഥാനത്തിന്റെ വരുമാനം, കടബാധ്യത, ചെലവുകൾ, വികസന സാധ്യതകൾ എന്നിവ വിശകലനം ചെയ്യുന്ന ഈ രേഖ കേരളത്തിന്റെ വികസനസാധ്യതകളെക്കുറിച്ചുള്ള നിർണായക ചർച്ചകൾക്ക് വഴിതുറക്കുന്നു**




മുഖ്യമന്ത്രി വി ഡി സതീശൻ ധവളപത്രം നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ

# ധവളപത്രം

## സാമ്പത്തിക പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖ



ജനാധിപത്യ ഭരണക്രമത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനുള്ള പ്രധാന ഉപാധികളിലൊന്നാണ് ധവളപത്രം. ഒരു വിഷയത്തെക്കുറിച്ചുള്ള സർക്കാരിന്റെ വിലയിരുത്തലുകളും നയപരമായ നിലപാടുകളും വസ്തുതാപരമായ വിവരങ്ങളും പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ഔദ്യോഗിക രേഖയായാണ് ധവളപത്രം അറിയപ്പെടുന്നത്.

സർക്കാരുകളുടെ വികസനയാത്ര, സാമ്പത്തിക സ്ഥിതി, ഭരണനേട്ടങ്ങൾ, വിവിധ മേഖലകളിലെ പുരോഗതി എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിൽ ധവളപത്രങ്ങൾക്ക് സുപ്രധാന പങ്കുണ്ട്. വസ്തുതകളും കണക്കുകളും അടിസ്ഥാനമാക്കി പൊതുചർച്ചകൾക്ക് വഴിയൊരുക്കുകയും നയരൂപീകരണ പ്രക്രിയയിൽ ജനപങ്കാളിത്തം ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഇത്തരം രേഖകളുടെ ലക്ഷ്യം.

സംസ്ഥാനത്തിന്റെ സാമ്പത്തിക, ഭരണപര, വികസന മേഖലകളിലെ സ്ഥിതിഗതികൾ സംബന്ധിച്ച് വ്യക്തമായ ചിത്രം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സർക്കാർ ധവളപത്രം പുറത്തിറക്കിയിരിക്കുന്നത്. കേരളത്തിൽ ഇതിന് മുമ്പ് നാലു സർക്കാരുകൾ ഇത്തരത്തിൽ ധവളപത്രം ഇറക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന് യഥാർഥത്തിൽ എത്ര വരുമാനം ലഭിക്കുന്നു, എത്ര നീക്കിയിരിപ്പുണ്ട് എത്ര ചെലവഴിക്കുന്നു, എത്ര ബാധ്യതകളുണ്ട്, ഭാവിയിൽ എന്തൊക്കെ സാമ്പത്തിക പ്രതിസന്ധികൾ നേരിടേണ്ടിവരും എന്നീ കാര്യങ്ങളുടെ വസ്തുതാപരമായ ചിത്രമാണ് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത്. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ശിശുമരണനിരക്ക്, ലിംഗസമത്വം തുടങ്ങിയ സാമൂഹിക വികസന സൂചികകളിൽ കാലാകാലങ്ങളിൽ മികച്ചു നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ ഈ നേട്ടങ്ങൾ നിലനിർത്താനും കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനും ആവശ്യമായ സാമ്പത്തികശേഷി സംസ്ഥാനത്തിനുണ്ടോ എന്ന ചോദ്യം പൊതുമധ്യത്തിൽ ഉയരുന്ന സാഹചര്യത്തിൽ കണക്കുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ അവസ്ഥ, നേരിടുന്ന വെല്ലുവിളികൾ, ഭാവിയിൽ സ്വീകരിക്കേണ്ട നയപരമായ സമീപനങ്ങൾ എന്നിവ വിശദീകരിക്കേണ്ട ഉത്തരവാദിത്വം കൂടി പുതിയ സർക്കാരിനുണ്ട്. കൂടാതെ പുതിയ ബജറ്റ് അവതരിപ്പിക്കുന്ന ഘട്ടത്തിൽ ഏറ്റവും സുതാര്യമായി അതിന്റെ അടിസ്ഥാന ഘടകങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും ഇത് സഹായകമാവുന്നു.

ഒരു ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും സംസ്ഥാനത്തിന്റെ യഥാർഥ അവസ്ഥ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനും ധവളപത്രങ്ങൾ പ്രധാന ഉപാധിയാണ്. എന്നാൽ ഇപ്പോഴത്തെ ധവളപത്രം കഴിഞ്ഞ കാലത്തെ വിലയിരുത്താനുള്ള ഉപകരണം എന്ന നിലയിൽ മാത്രമല്ല വരുംകാല വികസനത്തിനും സാമ്പത്തിക പുനർനിർമാണത്തിനും ആവശ്യമായ പൊതുവായ അടിസ്ഥാനരേഖ എന്ന നിലയിലാണ് പുറത്തിറക്കിയിരിക്കുന്നത്.

സുതാര്യത, ഉത്തരവാദിത്വം, വിശ്വാസ്യത എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ധനഭരണം പുനഃസ്ഥാപിക്കുന്നതിനുള്ള ആദ്യപടിയായിരിക്കും ഈ

> **സർക്കാരുകളുടെ വികസനയാത്ര, സാമ്പത്തിക സ്ഥിതി, ഭരണനേട്ടങ്ങൾ, വിവിധ മേഖലകളിലെ പുരോഗതി എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിൽ ധവളപത്രങ്ങൾക്ക് സുപ്രധാന പങ്കുണ്ട്**

# ധവളപത്രം ഒറ്റനോട്ടത്തിൽ

195 പേജുകൾ
7 അധ്യായങ്ങൾ

**തയ്യാറാക്കിയത്**

കെ.എം.ചന്ദ്രശേഖർ, പ്ലാനിങ് ബോർഡ് മുൻ ഉപാധ്യക്ഷൻ

ഡോ. ഡി. നാരായണ, ഗിഫ്റ്റ് മുൻ ഡയറക്ടർ

ഡോ. വീരമണി, സിഡിഎസ് ചെയർമാൻ എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ധസംഘം

**സംസ്ഥാനത്തിന്റെ പൊതുകടം**
5.07 ലക്ഷം കോടി
ജി.എസ്.ഡി.പിയുടെ 35.5%

**പ്രതിബദ്ധ ചെലവുകൾ**
ആഭ്യന്തര വരുമാനത്തിന്റെ 77.6%
ദേശീയ ശരാശരി 46.1%

**മൂലധന ചെലവ്**
ആഭ്യന്തര വരുമാനത്തിന്റെ 1.3%
ദേശീയ ശരാശരി 3.2%

**വികസന ചെലവ്**
ജി.എസ്.ഡി.പിയുടെ 39.9%
ദേശീയ ശരാശരി 63.5%

**പലിശ തിരിച്ചടവ്**
ആഭ്യന്തര വരുമാനത്തിന്റെ 17.73%

**കുടിശ്ശിക ബാധ്യത**
48,733 കോടി

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം**
78,851 കോടി

**കിഫ്ബി വായ്പാ ബാധ്യത**
ഏകദേശം 21,000 കോടി

**പ്രധാന ശുപാർശകൾ**

സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക

വ്യവസായ വികസനം ശക്തിപ്പെടുത്തുക

തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുക

ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുക

ഭരണസംവിധാനങ്ങളുടെ ഡിജിറ്റലൈസേഷൻ

സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഉറപ്പാക്കുക

**ലക്ഷ്യം**

കേരളത്തിന്റെ സാമ്പത്തിക യാഥാർഥ്യങ്ങൾ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുകയും ഭാവി വികസനത്തിനുള്ള നയദിശകൾ നിർദേശിക്കുകയും ചെയ്യുക.

ധവളപത്രമെന്ന് സർക്കാർ വ്യക്തമാക്കുന്നു. പ്ലാനിങ് ബോർഡ് മുൻ ഉപാധ്യക്ഷൻ കെ.എം.ചന്ദ്രശേഖർ, സാമ്പത്തിക ശാസ്ത്രജ്ഞനും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ മുൻ ഡയറക്ടറുമായ ഡോ.ഡി.നാരായണ, സിഡിഎസ് ചെയർമാൻ ഡോ.വീരമണി എന്നിവരുടെ നേതൃത്തിൽ തയ്യാറാക്കിയ ധവളപത്രം പൊതുമണ്ഡലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

മുൻകാലങ്ങളിൽ കെട്ടിപ്പൊക്കിയ സാമ്പത്തിക മിഥ്യകൾ തകർക്കാനും സംസ്ഥാനത്തിന്റെ അടിത്തറ ഭദ്രമാക്കാനും ഈ ധവളപത്രം സഹായിക്കുമെന്ന് മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമായ വി.ഡി.സതീശൻ പറഞ്ഞു. നിയമപരമായ എല്ലാ ചട്ടങ്ങളും പാലിച്ചുകൊണ്ട് തയ്യാറാക്കിയ ധവളപത്രം ഭാവി കേരളം കെട്ടിപ്പടുക്കുന്നതിനുള്ള അടിസ്ഥാന രേഖയായിരിക്കുമെന്നും വിദഗ്ധരുടെ സേവനവും ഉപദേശവും ഇനിയുള്ള എല്ലാ സർക്കാർ പദ്ധതികളിലും പ്രയോജനപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

നിലവിലെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ആശങ്കകൾ പങ്കുവെക്കുന്ന റിപ്പോർട്ട് ഇത് മറികടക്കാനുള്ള നിർദ്ദേശങ്ങളും ആശയങ്ങളും മുന്നോട്ട് വയ്ക്കുന്നുണ്ട്.

## ധവളപത്രത്തിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും

2025-26 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 5.07 ലക്ഷം കോടി രൂപയായി ഉയർന്നു. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ (ജി.എസ്.ഡി.പി) 35.5 ശതമാനത്തോളം വരുമിത്. ദേശീയ ശരാശരി 29.2 ശതമാനവും പ്രധാന സംസ്ഥാനങ്ങളുടെ ശരാശരി 28.81 ശതമാനവുമാണ്.

ആഭ്യന്തര വരുമാനത്തിന്റെ 77.6 ശതമാനവും പ്രതിബദ്ധ ചെലവുകളായ (കമ്മിറ്റഡ് എക്സ്പെൻഡിച്ചർ) ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയവയ്ക്കായി മാറ്റിവെയ്ക്കേണ്ടിവരുന്നു. ദേശീയ ശരാശരി 46.1%

വികസനചെലവിന്റെ കാര്യത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. 2024-25ലെ പുതുക്കിയ കണക്ക് പ്രകാരം ആഭ്യന്തര ഉൽപാദനത്തിന്റെ 39.9 ശതമാനം മാത്രമാണ് വികസനചെലവ്. ദേശീയ ശരാശരി 63.5%

മൂലധന ചെലവിന്റെ കാര്യത്തിലും കേരളം ദേശീയ ശരാശരിയേക്കാൾ പിന്നിലാണ്. 2025-26 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആഭ്യന്തര വരുമാനത്തിന്റെ 1.3 ശതമാനം മാത്രമാണ് സംസ്ഥാനത്തിന്റെ മൂലധന ചെലവ്. ദേശീയ ശരാശരി 3.2 ശതമാനവും പ്രധാന സംസ്ഥാനങ്ങളുടേത് 3.01 ശതമാനവുമാണ്.

വിവിധ വായ്പകളുടെ പലിശാ തിരിച്ചടവിന് മാത്രം ആഭ്യന്തരവരുമാനത്തിന്റെ 17.73 ശതമാനവും മാറ്റിവെയ്ക്കേണ്ടി വരുന്നു. ദേശീയ ശരാശരി 11.99 ശതമാനവും പ്രധാന സംസ്ഥാനങ്ങളുടേത് 12.11 ശതമാനവും മാത്രമാണ്.

ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ഡിഎ, ഡിഡിആർ കുടിശ്ശികയടക്കം വിവിധ ഇനങ്ങളിലായി നൽകേണ്ട കുടിശ്ശിക 48733 കോടി രൂപ. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം 78851 കോടി രൂപയായി ഉയർന്നു. കിഫ്ബി വായ്പകൾക്കുള്ള ഉയർന്ന പലിശയ്ക്ക് പണം കണ്ടെത്തുന്നതും കിഫ്ബി വായ്പകൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിക്കുള്ളിൽ വരുന്നതും അതിന്റെ പ്രസക്തിയെ ബാധിക്കുന്നു. കിഫ്ബിക്കുള്ള വായ്പാ ബാധ്യത 21000 കോടി രൂപയാണ്.

പട്ടികജാതി-പട്ടികവർഗ ഫണ്ടുകളിലും ന്യൂനപക്ഷ വികസന വിഹിതത്തിലും വൻകുറവ്. 2026-27 ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന 16-ാം ധനകാര്യകമ്മിഷൻ ശുപാർശപ്രകാരം ലഭിക്കുമെന്ന് കരുതിയ വിഹിതത്തിലും മറ്റ് ഗ്രാന്റുകളിലുമായി 20500 കോടിയുടെ കുറവ്.

ദീർഘകാല പരിഹാരമായി ഒട്ടേറെ ശുപാർശകളും ധവളപത്രം മുന്നോട്ട് വയ്ക്കുന്നു. സ്വകാര്യ നിക്ഷേപം വർധിപ്പിക്കുക, വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, തൊഴിലവസരങ്ങൾ വികസിപ്പിക്കുക, അടിസ്ഥാനസൗകര്യ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, ഭരണസംവിധാനങ്ങളുടെ ഡിജിറ്റലൈസേഷൻ ശക്തിപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങൾ അതിൽ പ്രധാനമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം നൽകൽ, ഉന്നതവിദ്യാഭ്യാസ മേഖലയിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തൽ തുടങ്ങിയ നിർദേശങ്ങളും റിപ്പോർട്ടിലുണ്ട്.

സാമ്പത്തിക അച്ചടക്കവും വികസനവും തമ്മിൽ സന്തുലിതാവസ്ഥ കണ്ടെത്തുക എന്ന വലിയ ദൗത്യമാണ് ഇന്ന് കേരളത്തിന് മുന്നിലുള്ളത്. അതിനാവശ്യമായ തുറന്ന ചർച്ചകൾക്കും വസ്തുതാധിഷ്ഠിത തീരുമാനങ്ങൾക്കും അടിത്തറയൊരുക്കുന്ന രേഖയാണ് പുതിയ ധവളപത്രം. സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർഥ്യങ്ങളെ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുകയും ഭാവി വികസനത്തിനുള്ള പുതിയ ചിന്തകൾക്ക് ദിശാബോധം നൽകുകയും ചെയ്യുന്ന ഈ രേഖ കേരളത്തിന്റെ സാമ്പത്തിക പുനർനിർമാണയാത്രയിൽ നിർണായക രേഖയായി വിലയിരുത്തപ്പെടും. ■

### രാജ്യത്ത് ആദ്യമായി വയോജന ക്ഷേമ വകുപ്പ് രൂപീകരിച്ച സംസ്ഥാനമായി മാറി കേരളം

# വാർധക്യത്തിന് പുതിയ വിലാസം



ഒരു സമൂഹം എത്രമാത്രം പരിഷ്കൃതമാണെന്നതിന്റെ അളവുകോൽ മുതിർന്ന പൗരൻമാരോടുള്ള അതിന്റെ സമീപനമാണ്. പുതിയ സർക്കാരിന്റെ ആദ്യ തീരുമാനങ്ങളിലൊന്നായി സംസ്ഥാനത്ത് വയോജന ക്ഷേമവകുപ്പ്  രൂപീകരിക്കപ്പെടുമ്പോൾ രാജ്യത്തിന് തന്നെ മാതൃകയാവുന്ന തരത്തിലുള്ള മികച്ച സന്ദേശമാണ് അതിലൂടെ മുന്നോട്ട് വയ്ക്കപ്പെടുന്നത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള സംസ്ഥാനങ്ങളിലൊന്നായ കേരളം വാർധക്യവുമായി ബന്ധപ്പെട്ട പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ്. വർധിച്ചുവരുന്ന ആയുർദൈർഘ്യവും മാറുന്ന കുടുംബഘടനകളും യുവതലമുറയുടെ കുടിയേറ്റവും കാരണം ആരോഗ്യപരിപാലനം, പരിചരണം, സാമ്പത്തിക സുരക്ഷ, സാമൂഹിക പിന്തുണ എന്നിവ വയോജനങ്ങളുടെ ജീവിതത്തിൽ കൂടുതൽ പ്രാധാന്യമാർജിച്ചിരിക്കുകയാണ്. ജീവിതശൈലീരോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ഏകാന്തത, സാമൂഹിക ഒറ്റപ്പെടൽ

**സത്യപ്രതിജ്ഞാ വേദിയിലെത്തിയ പറവൂർ സ്വദേശി അമ്മാളുഅമ്മയെ ചേർത്തുപിടിക്കുന്ന മുഖ്യമന്ത്രി വി ഡി സതീശൻ**

# ആത്മാഭിമാനത്തോടെ ജീവിക്കാമെന്ന പ്രതീക്ഷ

വയോജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ കൂടുതൽ ശ്രദ്ധചെലുത്തുന്നത് സന്തോഷകരമാണ്. വയോജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കാണുന്നുവെന്നതിന്റെ തെളിവാണ് പുതിയ വകുപ്പും നയവും. ആരോഗ്യപരിപാലനം, മാനസികാരോഗ്യം, സാമൂഹികസുരക്ഷ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് സ്വാഗതാർഹമാണ്. വയോജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് കാലത്തിന്റെ ആവശ്യമാണ്.

ജോലിചെയ്തിരുന്ന കാലത്ത് തിരക്കുകൾ കാരണം സമയം പോകുന്നത് അറിയില്ലായിരുന്നു. വിരമിച്ച ശേഷം ജീവിതത്തിന്റെ വേഗതമാറി. കുടുംബത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാനാകുന്നതിൽ സന്തോഷമുണ്ട്. എന്നാൽ പ്രായം കൂടുന്നതിനനുസരിച്ച് ആരോഗ്യപ്രശ്നങ്ങളും മറ്റുള്ളവരെ ആശ്രയിക്കേണ്ട സാഹചര്യങ്ങളും വർധിക്കുന്നുണ്ട്. രോഗങ്ങൾക്കൊപ്പം ഏകാന്തതയും ഒരു വലിയ പ്രശ്നമാണ്.



വാർധക്യത്തിൽ കുടുംബത്തിന്റെ സ്നേഹവും കരുതലും വളരെ പ്രധാനമാണ്. സാമ്പത്തികസഹായത്തേക്കാൾ കൂടുതൽ ആവശ്യമായത് മാനസിക പിന്തുണയാണ്. വയോജനങ്ങളെ സമൂഹത്തിന്റെ ഭാരമായി കാണരുത്. ജീവിതാനുഭവങ്ങളും അറിവുകളും കൈമുതലായുള്ളവരാണ് അവർ. യുവതലമുറയ്ക്ക് വഴികാട്ടികളാകാൻ കഴിയുന്ന വലിയൊരു വിഭാഗമാണിത്. അവരുടെ അനുഭവങ്ങൾക്ക് സമൂഹം കൂടുതൽ പരിഗണന നൽകണം.

വയോജനക്ഷേമപരമായ ഈ നയം സർക്കാർ ഫലപ്രദമായി നടപ്പിലാക്കണം. ഒറ്റയ്ക്കുകഴിയുന്നവർക്കും ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്കും കൂടുതൽ പിന്തുണ ലഭിക്കണം. വയോജനങ്ങൾ സുരക്ഷിതരായും ആത്മാഭിമാനത്തോടെയും ജീവിക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കാൻ സർക്കാരിന് കഴിയുമെന്നാണ് പ്രതീക്ഷ.

**എ.മണിയൻ (82)**
റിട്ട. സൂപ്രണ്ട്, കെ.എസ്.ആർ.ടി.സി.

തുടങ്ങിയവയും വയോജന സമൂഹത്തെ കൂടുതൽ ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

കൂടുതൽ കരുതലും ക്ഷേമവും അർഹിക്കുന്ന മേഖലയായി കണ്ടാണ് ഈ സർക്കാർ  വയോജനങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചത്. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നത്.  വയോജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് അവരുടെ ആവശ്യങ്ങൾ കൂടുതൽ ഫലപ്രദമായി പരിഗണിക്കുന്നതിനുമായി നിരവധി പദ്ധതികളാണ് വകുപ്പ് രൂപീകരണത്തിലൂടെ സർക്കാർ മുന്നോട്ടുവെക്കുന്നത്. വയോജനങ്ങളെ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായി മാത്രം കാണാതെ, സമൂഹത്തിന്റെ സജീവ പങ്കാളികളായി അംഗീകരിക്കുകയും അവർക്ക് സുരക്ഷിതത്വവും ആരോഗ്യകരവും അന്തസ്സുള്ളതുമായ ജീവിതം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്



# സർക്കാർ ഞങ്ങളോടൊപ്പമുണ്ടെന്ന ധൈര്യം

പുതിയ വയോജന വകുപ്പ് വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. സർക്കാർ ഒപ്പമുണ്ടെന്ന ഒരു ഉറപ്പ് കിട്ടിയതു പോലെയാണ് തോന്നുന്നത്. യുവാക്കൾക്ക് ജോലി ചെയ്യാനും ജീവിതം മുന്നോട്ടുകൊണ്ടുപോകാനും കൂടുതൽ അവസരങ്ങളും ശാരീരികശേഷിയും ഉണ്ട്. എന്നാൽ എല്ലാ വയോജനങ്ങൾക്കും അത്തരമൊരു സാഹചര്യമില്ല. ചിലർക്ക് മക്കൾ പോലും കൂടെയില്ല. അത്തരം ആളുകൾക്ക് ആശ്വാസവും സുരക്ഷിതത്വവും നൽകുന്ന തീരുമാനമാണിത്.

പലർക്കും ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും. മറ്റുള്ളവരുടെ സഹായം കൂടുതൽ ആവശ്യമായി വരും. ആരും തങ്ങളെ ശ്രദ്ധിക്കുന്നില്ലെന്നോ തങ്ങൾ ഒറ്റപ്പെട്ടുപോയെന്നോ ഒക്കെ തോന്നാറുണ്ട്. അതാണ് പലപ്പോഴും മാനസിക വിഷമങ്ങൾക്ക് കാരണമാകുന്നത്. ഈ പ്രായത്തിൽ ഒരാളുടെ സാന്നിധ്യവും സംസാരിക്കാൻ ഒരാളുമുണ്ടാകുന്നതും വളരെ പ്രധാനമാണ്. അത്തരം പരഗണന സർക്കാർ നൽകുന്നത് ഏറെ ആശ്വാസകരമാണ്. സർക്കാർ ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്ന തോന്നൽ തന്നെ വലിയ ആശ്വാസമാണ്.



**വസന്ത പി (76)**
**വീട്ടമ്മ**

> **വയോജനങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാമൂഹിക ഒറ്റപ്പെടൽ പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നതാണ് വകുപ്പിന്റെ പ്രധാന ചുമതല**

ലക്ഷ്യം. പ്രായം കൂടുന്നതിനനുസരിച്ച് ഉയരുന്ന ആരോഗ്യപ്രശ്നങ്ങൾ, ദീർഘകാല പരിചരണത്തിന്റെ ആവശ്യകത, ഏകാന്തത, സാമൂഹിക ഒറ്റപ്പെടൽ തുടങ്ങിയ വെല്ലുവിളികൾക്ക് സമഗ്രമായ പരിഹാരം കണ്ടെത്താനുള്ള ശ്രമം കൂടിയാണ് ഇത്.

വയോജനങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാമൂഹിക ഒറ്റപ്പെടൽ പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നതാണ് വകുപ്പിന്റെ പ്രധാന ചുമതല.

## പദ്ധതികൾ നിരവധി

വയോജനക്ഷേമത്തിന് കൂടുതൽ മുൻഗണന നൽകിക്കൊണ്ട് സർക്കാർ പുതിയ പദ്ധതികളും സ്ഥാപന സംവിധാനങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ച വയോമിത്രം പദ്ധതി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ച് വയോജനങ്ങൾക്ക് വീട്ടിലെത്തിയുള്ള ആരോഗ്യപരിചരണവും മാനസികാരോഗ്യ പിന്തുണയും ഉറപ്പാക്കും. കൂടാതെ നിയമസഹായം, ആരോഗ്യസേവനങ്ങൾ, സംരക്ഷണം എന്നിവ ലഭ്യമാക്കുന്നതിനായി എല്ലാ കളക്ടറേറ്റുകളിലും 'കെയർ ക്യാബിൻ' പിന്തുണാകേന്ദ്രങ്ങൾ സ്ഥാപിക്കും. ഡിമെൻഷ്യയും ഓർമ്മക്കുറവും വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്മൃതി കഫേകൾ, ഡിമെൻഷ്യ ഡേ-കെയർ കേന്ദ്രങ്ങൾ, മെമ്മറി ക്ലിനിക്കുകൾ എന്നിവ സംസ്ഥാനത്തുടനീളം വിപുലീകരിക്കാനും സർക്കാർ പദ്ധതിയിടുന്നു. ഇതോടൊപ്പം മധ്യവയസ്കരായ എല്ലാവർക്കും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും.

വയോമിത്രം പദ്ധതിയിലൂടെ ആരോഗ്യപരിശോധനകളും ചികിത്സാ സേവനങ്ങളും, മന്ദഹാസം പദ്ധതിയിലൂടെ സൗജന്യ ദന്തപരിചരണവും, സായംപ്രഭ കേന്ദ്രങ്ങളിലൂടെ സാമൂഹിക ഇടപെടലുകൾക്കും വിനോദപ്രവർത്തനങ്ങൾക്കും അവസരങ്ങളും ലഭ്യമാണ്. ഓർമ്മത്തോണി പദ്ധതി ഡിമെൻഷ്യ ബാധിതർക്കും അവരുടെ കുടുംബങ്ങൾക്കും പിന്തുണ നൽകുമ്പോൾ, എൽഡർലൈൻ, വയോരക്ഷ, സല്ലാപം തുടങ്ങിയ പദ്ധതികൾ അടിയന്തര സഹായവും കൗൺസിലിങ്ങും സംരക്ഷണവും ഉറപ്പാക്കുന്നു. ഇത്തരത്തിൽ മുതിർന്ന പൗരന്മാർക്കായി വിവിധ തലങ്ങളിൽ ഇതിനോടകം നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാം ഒരു കുടക്കീഴിലാക്കി കൂടുതൽ പ്രതിബദ്ധതയോടെ നടപ്പിലാക്കും.

അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ക്ഷേമപെൻഷൻ പ്രതിമാസം 3,000 രൂപയായി വർധിപ്പിക്കുമെന്ന പ്രഖ്യാപനവും സർക്കാർ നടത്തിയിട്ടുണ്ട്. കുടുംബത്തിന് പ്രതിവർഷം 25 ലക്ഷം

## പരിചരണദാതാക്കളെയും പരിഗണിക്കണം

വർഷങ്ങളായി പാലിയേറ്റീവ് കെയറിന്റെ ഭാഗമായി നിരവധി വയോജനങ്ങളോടൊപ്പം പ്രവർത്തിച്ചുവരുന്നയാളാണ് ഞാൻ. വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ, മാനസികവെല്ലുവിളികൾ, പരിചരണദാതാക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവയെക്കുറിച്ച് അടുത്തറിവുള്ളയാളെന്ന നിലയിൽ പുതിയ വയോജന വകുപ്പിനെ പ്രതീക്ഷയോടെയാണ് കാണുന്നത്.

പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ഞാൻ പോകുന്ന പല വീടുകളിലും ശാരീരിക ആരോഗ്യപ്രശ്നങ്ങൾക്കൊപ്പം മാനസികാരോഗ്യ വെല്ലുവിളികളും കാണാറുണ്ട്. ഏകാന്തത, ഡിമെൻഷ്യ, മരണഭീതി, ഉത്കണ്ഠ തുടങ്ങിയ പ്രശ്നങ്ങൾ പലരിലും കാണാറുണ്ട്.

വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് വന്നതിൽ വളരെ സന്തോഷമുണ്ട്. വാർധക്യത്തിൽ ആവശ്യമായ പിന്തുണയും പരിഗണനയും ലഭിക്കേണ്ടത് അനിവാര്യമാണ്. അതിനുള്ള നല്ലൊരു ചുവടുവയ്പാണ് ഇത്. പരിചരണദാതാക്കളെയും പ്രത്യേകം പരിഗണിക്കുമെന്നാണ് പ്രതീക്ഷ. വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിൽ പരിചരണദാതാക്കൾക്ക് വലിയ പങ്കുണ്ട്. അവർക്കുള്ള പരിശീലനവും പിന്തുണയും മറ്റ് ആനുകൂല്യങ്ങളും പരിചരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കും.



**സുജി വി**
ആശാപ്രവർത്തക

## ആരോഗ്യ സംരക്ഷണം ഉറപ്പാക്കണം

വയോജനങ്ങളുടെ പരിചരണ മേഖലയിലാണ് ഞാൻ ജോലി ചെയ്യുന്നത്. മറ്റുള്ളവരെക്കാൾ കൂടുതൽ പരിചരണവും ശ്രദ്ധയും അവർക്ക് ആവശ്യമാണ്. ആരെങ്കിലും കേൾക്കാൻ ഉണ്ടെന്ന തോന്നൽ തന്നെ വലിയ ആശ്വാസമാണ്.

വയോജനങ്ങളുടെ ആരോഗ്യപരിപാലനം വളരെ പ്രധാനമാണ്. മരുന്നുകൾ കൃത്യമായി ലഭിക്കുന്നുണ്ടോ, ചികിത്സ ലഭിക്കുന്നുണ്ടോ, ദിവസേനയുള്ള ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോ എന്നിവ ഉറപ്പാക്കണം. മാനസിക പിന്തുണയും അത്രതന്നെ പ്രധാനമാണ്. പലർക്കും സംസാരിക്കാനും സമയം ചെലവഴിക്കാനും ഒരാൾ വേണമെന്നതാണ് യഥാർഥ ആവശ്യം.

പുതിയ വയോജന ക്ഷേമ വകുപ്പ് വയോജനങ്ങളോടുള്ള വളരെ പോസിറ്റീവായ ഒരു സമീപനത്തിന്റെ തെളിവാണ്. ഇത് അവർക്ക് കൂടുതൽ പിന്തുണയും പരിഗണനയും അംഗീകാരവും നൽകാൻ സഹായിക്കും.



**റീന**
നഴ്സ്

ദ്രുപവരെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ഉമ്മൻ ചാണ്ടി ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയും സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്.

വയോജനങ്ങൾക്കൊപ്പം അവരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്കും പരിചരണദാതാക്കൾക്കും പിന്തുണ നൽകുന്നതിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വയോജന പരിചരണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പ്രത്യേക പരിശീലനവും സർട്ടിഫിക്കേഷനും നൽകുക, മികച്ച പരിചരണ മാതൃകകൾ നടപ്പാക്കുക, വീട്ടിൽ തന്നെ പരിചരണം ലഭ്യമാക്കുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ഇതിന്റെ ഭാഗമാണ്.

മാനസികാരോഗ്യത്തിനും വൈകാരിക ക്ഷേമത്തിനും പ്രാധാന്യം നൽകും. ഏകാന്തത, വിഷാദം, സാമൂഹിക ഒറ്റപ്പെടൽ എന്നിവ വാർധക്യത്തിലെ പ്രധാന വെല്ലുവിളികളായി മാറുന്ന സാഹചര്യത്തിൽ കൗൺസിലിങ് സേവനങ്ങൾ, സാമൂഹിക പങ്കാളിത്തം, തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന പരിപാടികൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വാർധക്യം ഒരു വ്യക്തിയുടെ മാത്രം പ്രശ്നമല്ല; അത് ഒരു സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. ഈ കാഴ്ചപ്പാടോടെയാണ് കേരളം പുതിയ വയോജന നയവുമായി മുന്നോട്ടുപോകുന്നത്. ■

# കേറി വാ മക്കളേ, അക്ഷരമുറ്റത്തേക്ക്




തിരുവനന്തപുരം പട്ടം ഗവ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന സംസ്ഥാനതല പ്രവേശനോത്സവത്തിൽനിന്ന്

ഇടവിടാതെ പെയ്യുന്ന മഴ, വർണ്ണ വസ്ത്രങ്ങളും നിറങ്ങളാൽ സമ്പന്നമായ അവധിക്കാലവും മാറ്റിവെച്ച സ്കൂൾ യൂണിഫോമിനുള്ളിലേക്ക് പാകപ്പെടുന്ന ബാല്യ കൗമാരങ്ങൾ, കുട്ടിനു ബാഗും കുടയും പുസ്തകങ്ങളും രക്ഷിതാക്കളുടെ കരുതലും... കേരളത്തിൽ വീണ്ടുമൊരു അധ്യയന വർഷത്തിന് തുടക്കമായപ്പോൾ എല്ലാം പതിവുപോലെ കളർ ഫുൾ ആയിരുന്നു. കരഞ്ഞും ചിണുങ്ങിയും ആദ്യമായി വിദ്യാലയ മുറ്റത്തെത്തിയവർ രക്ഷിതാക്കളെ വിട്ടുപോകാൻ മടിച്ചതും മുതിർന്ന ചേട്ടന്മാർക്ക് പുതിയ കൂട്ടുകാരെ കിട്ടിയതുമെല്ലാം പതിവ് കാഴ്ചകളായി സ്കൂൾപടി കയറി. അധ്യാപകർ മധുരം നൽകിയും മധുര വാക്കുകളോതിയും കുട്ടികളുടെ കൂട്ടുകാരാകുന്ന കാഴ്ചകൾക്കും മാറ്റമുണ്ടായില്ല. എല്ലാം അല്പം മധുരമുള്ള ഓർമ്മകൾ തന്നെയായിയുരുന്നു എല്ലാവർക്കും. അല്ലെങ്കിലും അത് അങ്ങനെ തന്നെയായിരുന്നു. ഇത്തവണയും എല്ലാ കരുതലുമായി സർക്കാരും ഒപ്പം ചേർന്നു. മുഖ്യമന്ത്രി വി ഡി സതീശൻ തന്നെയായിരുന്നു സംസ്ഥാനതല പ്രവേശനോത്സവത്തിന്റെ ഉദ്ഘാടകൻ. പട്ടം ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ, മഴ നനഞ്ഞ് നടന്ന് സ്കൂളിൽ പോയിരുന്ന കാലം അദ്ദേഹം ഓർത്തെടുത്തു.

കേരളത്തിൽ ഇത്തവണ 12938 പൊതുവിദ്യാലയങ്ങളിലേക്കായി 40 ലക്ഷത്തോളം വിദ്യാർഥികളാണ് എത്തിയത്. കേറി വാ മക്കളെ എന്ന ബോർഡുകളുമായി വിദ്യാലയങ്ങൾ അവരെ സ്വീകരിച്ചു. എല്ലായിടത്തും സ്കൂളുകൾ വർണ്ണ ശബളമായിരുന്നു. ബലൂണുകളും കുരുത്തോല തോരണങ്ങളും വർണ്ണക്കടലാസുകളും കൊണ്ട് ചുവരു



കളും അങ്കണങ്ങളും നിറഞ്ഞു. പാട്ടുകളും കളിചിരികളും കരച്ചിലും കുറുമ്പുമെല്ലാമായി ഒരു വർഷത്തേക്കുള്ള ആദ്യ ദിനം കടന്നു പോയി.

പട്ടം സ്കൂളിൽ നടന്ന ചടങ്ങിൽ അധ്യയന വർഷത്തിലെ അക്കാദമിക് കലണ്ടർ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി  എൻ ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ മുഖ്യാതിഥിയായി. മേയർ വി. വി. രാജേഷ് വിശിഷ്ടാതിഥിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിപ്രിയദർശിനി, കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ചെമ്പഴന്തി ഉദയൻ, വാർഡ് കൗൺസിലർ രേഷ്മ പി തുടങ്ങിയവർ ആശംസകളർപ്പിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് സ്വാഗതവും പൊതുവിദ്യാഭ്യാസ ഡയറക്ടർ ആസിഫ് കെ യൂസഫ് നന്ദിയും പറഞ്ഞു.

## അധ്യാപകരും രക്ഷിതാക്കളും സൗഹാർദ ബന്ധം വളർത്തിയെടുക്കണം

അധ്യാപകരും രക്ഷിതാക്കളും തമ്മിൽ സൗഹൃദപരമായ ബന്ധം വളർത്തിയെടുക്കണമെന്നും കുട്ടികളുടെ കഴിവുകൾ പരസ്പരം പങ്കുവെച്ച് അവയെ പ്രോത്സാഹിപ്പിക്കണമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ ആവശ്യപ്പെട്ടു. ഓരോ കുട്ടിയുടെയും താൽപര്യങ്ങളും കഴിവുകളും ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കേണ്ടത് മാതാപിതാക്കളുടെയും അധ്യാപകരുടെയും സംയുക്ത ഉത്തരവാദിത്വമാണ്.

ലണ്ടനിലെ സ്കൂളിൽ ഒരു വിദ്യാർഥിയുടെ ഗണിതശേഷി തിരിച്ചറിഞ്ഞ് രക്ഷിതാക്കളെ അറിയിച്ച അനുഭവം മുഖ്യമന്ത്രി പങ്കുവെച്ചു. ഓരോ കുട്ടിയുടെയും പ്രത്യേക കഴിവുകൾ കണ്ടെത്തി വളർത്തേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രധാന ദൗത്യമാണ്. വിജ്ഞാന വിസ്ഫോടനത്തിന്റെ കാലഘട്ടത്തിലൂടെയാണ് ലോകം കടന്നുപോകുന്നത്. ഓരോ നിമിഷവും പുതിയ അറിവുകൾ രൂപപ്പെടുന്ന സാഹചര്യത്തിൽ വിദ്യാർഥികൾ അന്വേഷണാത്മക മനോഭാവം വളർത്തിയെടുക്കണം. നിർമ്മിത ബുദ്ധിയുടെ  യുഗത്തിൽ അറിവ് സമ്പാദിക്കാനുള്ള ജിജ്ഞാസയാണ് ജീവിത വിജയത്തിന്റെ അടിത്തറ. കേരളത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഗണ്യമായി ഉയർന്നിട്ടുണ്ടെന്നും അവർ ഇന്ത്യയിലെയും വിദേശത്തെയും ഉന്നത സർവകലാശാലകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതും അഭിമാനകരമാണ്. ശാസ്ത്രബോധവും യുക്തിചിന്തയും സമൂഹത്തിൽ വളർത്തുന്നതിനായി 'സെന്റേഴ്സ് ഓഫ് സയന്റിഫിക് ടെംപർ' ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ വിദ്യാർഥികളോടും രക്ഷിതാക്കളോടും ജാഗ്രത പുലർത്താനും അണിനിരക്കാനും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.■










വിദ്യാഭ്യാസ കലണ്ടർ പ്രകാശന ചടങ്ങിൽ മന്ത്രിമാരായ എൻ.ഷംസുദ്ദീനും കെ.മുരളീധരനും മുഖ്യമന്ത്രി വി.ഡി.സതീശനൊപ്പം

Date of Publication: **01.06.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024


# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM**
**INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്


Printed and Published by Sabin Sameed IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Orange Printers Pvt. Ltd., Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: Sabin Sameed IAS